## ഏറത്തു ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യസാംസ്കാരിക പശ്ചാത്തലം

ഏറത്തു ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ 1962 വരെ അന്നത്തെ അടൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1963 ഡിസംബർ 23 ന് ഏറത്തു പഞ്ചായത്തിലെ ആദ്യഭരണ സമിതി അധികാരത്തിൽ വന്നു. മൗട്ടത്ത് വടക്കേതിൽ ഗോപാലൻ ഉണ്ണിത്താൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. കെ. കുഞ്ഞുകോശി മുതലാളി, എൻ. ആർ. രാഘവൻപിള്ള, കെ. ഗോപിനാഥൻ ഉണ്ണിത്താൻ, ജി. ജനാർദ്ദനൻ ഉണ്ണിത്താൻ, എ. ഐ. അലക്സാണ്ടർ, എ. ചന്ദ്രൻ, കളീലിൽ ഗോപാലൻ, വി. എം. വിലാസിനി (നോമിനേറ്റഡ് വനിത മെമ്പർ) എന്നിവരായിരുന്നു പഞ്ചായത്ത് അംഗങ്ങൾ. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പഞ്ചായത്ത് ഓഫീസിന് 1973 ലാണ് സ്വന്തമായി കെട്ടിടം ഉണ്ടായത്. വടക്കടത്തുക്കാവ് ജംഗ്ഷന് സമീപമുള്ള കാരയ്ക്കാട്ട് കുടുംബത്തിലെ കാരണവർ ആയിരുന്ന പരമേശ്വരൻ ഉണ്ണിത്താൻ സർക്കാരിന് ദാനം ചെയ്ത 50 സെന്റ് ഭൂമിയിലാണ് ഗ്രാമപഞ്ചായത്തു ഓഫീസും മറ്റ് സർക്കാർ സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നത്.

സ്വർണ്ണവർണ്ണ നിറമണിഞ്ഞ കതിർകുലകൾ മാറിൽ അണിഞ്ഞ വയലേലകളും തെളിനീർ നിറഞ്ഞൊഴുകുന്ന തോടുകളും, മുശിയും, മാക്രിയും മുങ്ങിക്കളിക്കുന്ന കുളങ്ങളും, നിബിഢമായ കുലകൾ ഏന്തി നിൽക്കുന്ന കല്പവൃക്ഷങ്ങളും, തേൻ വരിക്കപ്ലാവുകളും, കിളിച്ചുണ്ടൻ മാവുകളും, മുരിങ്ങകളും നിറഞ്ഞ ഗൃഹപരിസരങ്ങളും, മരച്ചീനിയും, ചേനയും ചേമ്പും കാച്ചിലും, വാഴയും വെറ്റിലക്കൊടിയും വളരുന്ന കൃഷിയിടങ്ങളും, പശുക്കളും കിടാങ്ങളും, ആടുകളും മേഞ്ഞു നടക്കുന്ന പച്ചപുതച്ച പുരയിടങ്ങളും, കുന്നുകളും, കലപ്പയേന്തി പൂട്ടുകാളകളെ തെളിച്ചുകൊണ്ടുപോകുന്ന അർദ്ധനഗ്നരായ കൃഷീവലൻമാരും, കൊങ്കി ഇരുമ്പ് കയ്യിലേന്തി തന്റേടത്തോടെ കൊയ്യാനും, പുല്ലറുക്കാനും പോകുന്ന കർഷക തൊഴിലാളി സ്ത്രീകളും, വയൽ വരമ്പുകളിൽ ധ്യാനത്തിലിരിക്കുന്ന കൊക്കുകളും, മരക്കൊമ്പുകളിൽ ചാടിക്കളിക്കുന്ന അണ്ണാർ കണ്ണൻമാരും, മുറ്റത്തുപറന്നുനടക്കുന്ന കാക്കകളും എല്ലാം ചേർന്ന് ഏറത്തു ഗ്രാമപഞ്ചായത്ത് കാർഷികസംസ്കൃതിയുടെ നേർചിത്രമായി രൂപപ്പെട്ടു.

ജനസംഖ്യയിൽ ഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകതൊഴിലാളികളും ആയിരുന്നു. അവർക്ക് കൃഷി തൊഴിലല്ല ജീവിതം തന്നെയായിരുന്നു. നമ്മുടെ പൂർവ്വികരായ അവർക്ക് കൃഷിയുമായി എത്രമാത്രം ബന്ധമുണ്ടായിരുന്നു എന്ന് മനസ്സിലാക്കാൻ അവരുടെ വീടുകളുടെ പേരുകൾ മാത്രം ശ്രദ്ധിച്ചാൽ മതി. ഈ നാട്ടിൽ എത്ര വിളകൾ ഉണ്ട് ? തെങ്ങുവിള, വാഴവിള, മാവിള, പ്ലാവിള, ചീനിവിള, ചേനവിള, നെല്ലിവിള, കമുകുവിള, പയറ്റുംവിള, റബ്ബർ വിള, പുന്നവിള, തുറുവിള, കാഞ്ഞിരവിള, ഈട്ടിവിള, പറങ്കിമാംവിള, തെറ്റിവിള, ചാരുവിള, കുമ്പിളുംവിള, പനച്ചിവിള, ജാതിവിള, കലതിവിള, വള്ളിവിള, കാശാംവിള, വലിയവിള, പുല്ലാഞ്ഞിവിള, തെക്കേവിള, വടക്കേവിള, വിളയിൽ അങ്ങനെ നീണ്ടു പോകുന്നു.

കൃഷിയിലൂടെ പ്രകൃതിയെ അടുത്തറിഞ്ഞവർ ആയിരുന്നു ഈ നാട്ടിലെ കൃഷിക്കാർ. നെൽവിത്ത് വിതയ്ക്കാനും തെങ്ങിൻ തൈകൾ നടാനും അവർ പത്താമുദയം തെരഞ്ഞെടുത്തു. കാലാവസ്ഥയെ നിയന്ത്രിക്കുന്നത് ഞാറ്റുവേളകൾ ആണെന്ന് അവർക്കറിയാമായിരുന്നു. നൂറ്റാണ്ടുകൾക്ക് മുൻപ് ചിറകെട്ടി ജലം സംഭരിച്ചു കാർഷിക ആവശ്യങ്ങൾക്കായി ജലസേചനം നടത്തി. അന്തിച്ചിറയിൽ നിർമ്മിച്ച മൺചിറയുടെ അവശിഷ്ടങ്ങൾ ഇന്നും കാണാം. മുൻതലമുറകളുടെ അനുഭവങ്ങളിൽ നിന്നും ഊറിവന്ന അറിവുകളാണ് കർഷകരെ നയിച്ചിരുന്നത്. അല്ലാതെ സ്വന്തം മണ്ണിൽ വിയർപ്പ് ഒഴുക്കി വിളയിച്ച വിത്തിന്റെ മേലുള്ള അവകാശം നഷ്ടപ്പെടുത്തുന്ന അന്തകൻമാരുടെ തിട്ടൂരങ്ങളല്ല.

കാർഷിക ജീവിതത്തിൽ നിന്നാണ് സഹകരണത്തിന്റേയും കൂട്ടായ്മയുടെയും പാഠങ്ങൾ അവർ പഠിച്ചത്. പകൽഅന്തിയോളം പറമ്പിലും പാടത്തും പണിയെടുത്ത അവർക്ക് ജീവിതം തന്നെ സമരമായിരുന്നു. അങ്ങനെയാണ് പല സമരരൂപങ്ങളും ഉണ്ടായത്. തുവയൂരിലെ മടുക്കര കർഷകസമരവും, വടക്കടത്തുകാവിലെയും സമീപ പ്രദേശങ്ങളിലേയും കൊയ്ത്ത് സമരങ്ങളുമെല്ലാം സാമൂഹിക രാഷ്ട്രീയ ബോധങ്ങളിൽ നിന്ന് രൂപപ്പെട്ടതാണ്.

ഈ നാട്ടുകാർക്ക് മലകൾ വെറും മൺകൂനകളല്ല. മലദൈവങ്ങളാണ്. കാടുകളല്ല കാവുകളാണ്.  ഈ നാട്ടിൽ അനവധി മലനടകളും കാവുകളുണ്ട്. നെടുംങ്കുന്നു മലനട, വട്ടത്തൂക്കു മലനട, കൈപ്പൂരി മലനട, കല്ലീരാത്ത് അപ്പൂപ്പൻകാവ്, ശാസ്താം പാറക്കാവ്, കൊട്ടയ്ക്കാട്ട് കുഴിക്കാവ്, കോട്ടൂർകാവ്, കൈപ്പൂരിമലസർപ്പക്കാവ്, കൊണ്ടൂർകാവ്, മരങ്ങാട്ട് കാവ്, മന്ത്രവാദി മഠംകാവ്, കെങ്കയിൽ കാവ്, മയിലക്കൽ കാവ്, അമ്മൂമ്മക്കാവ്, ചുണ്ടോട്ടു കാവ് അങ്ങനെ പോകുന്നു. മലദൈവങ്ങളെയും കാവുകളേയും അന്യരായിട്ടല്ല, സ്വന്തക്കാരായിട്ടാണ് അവർ കരുതിയത്. അതുകൊണ്ടാണ് കല്ലിരാത്ത് അപ്പൂപ്പനെന്നും, നെടുംകുന്നുമല അപ്പൂപ്പനെന്നും, വട്ടത്തൂക്ക് അപ്പൂപ്പനെന്നും, കൈപ്പൂരിമല അപ്പൂപ്പനെന്നും, അമ്മൂമ്മക്കാവ് എന്നും, ചുണ്ടോട്ട് അമ്മൂമ്മയെന്നും വിളിച്ചത്. മലനടകളിലും കാവുകളിലും ഏതൊരാളിനും എപ്പോൾ വേണമെങ്കിലും യാതൊരു തടസ്സവുമില്ലാതെ ആരാധന നടത്താം. അവർ തങ്ങളുടെ സന്തോഷങ്ങളും വേദനകളും ഉദ്വേഗങ്ങളും മലദൈവങ്ങളുമായി പങ്കുവച്ചു. അപ്പൂപ്പൻമാരെയും അമ്മൂമ്മമാരെയും സ്നേഹിക്കുകയും, ആരാധിക്കുകയും, ചിലപ്പോൾ ശകാരിക്കുകയും ചെയ്തിരുന്നു. പ്രകൃതിയുമായി  നേരിട്ട് സംവേദിച്ച അവർക്ക് ഉദാത്തമായ അനുഭൂതി ഉണ്ടായി.

**"ഓരോ സമയത്തെ മിത്തും അക്കാലത്തെ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു. മിത്തുകളുടെ പരിണാമത്തിലൂടെ നൈതികമൂല്യങ്ങൾ മാറുന്നത് സമൂഹപരിവർത്തനഫലമായാണ്".**

**ഡെനിംഗ്**

നൂറ്റാണ്ടുകൾ പഴക്കമുള്ള ഹൈന്ദവ ദേവാലയങ്ങളും ക്രൈസ്തവ ദേവാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. വടക്കടത്തുകാവ് ദേവീക്ഷേത്രം, ചൂരക്കോട് ഭദ്രകാളിക്ഷേത്രം, മാമ്പിലാവിൽ ധർമ്മശാസ്താക്ഷേത്രം, മുരുകൻകുന്ന് ക്ഷേത്രം, ശ്രീനാരായണപുരം വിഷ്ണുക്ഷേത്രം, കൈപ്പൂരി മലനട ദേവീക്ഷേത്രം, വെള്ളകുളങ്ങര മർത്തോമ്മപള്ളി, പറങ്കാംമുകളിലെ ഓർത്തഡോക്സ് പള്ളി, വെള്ളകുളങ്ങരയിലെ സി.എസ്. ഐ.പള്ളി, അന്തിച്ചിറയിലെ സിറിയൻ ക്രിസ്ത്യൻ പള്ളി, നെല്ലിമുകളിലെ ലത്തീൻ കത്തോലിക്കപള്ളി, കിളിവയലിലെ ഓർത്തഡോക്സ് പള്ളി, പുതുശ്ശേരി ഭാഗത്തെ കത്തോലിക്കപള്ളി, കോട്ടറയിലെ മർത്തോമപള്ളി അങ്ങനെ പോകുന്നു. വിവിധമത വിഭാഗങ്ങൾ ഇടകലർന്ന് ജീവിക്കുന്ന ഈ പഞ്ചായത്തിൽ ഇന്നുവരെ ഒരു വർഗ്ഗീയ സംഘർഷം ഉണ്ടായിട്ടില്ല എന്ന കാര്യം എടുത്തു പറയേണ്ടതാണ്.

വിദ്യാഭ്യാസ രംഗത്ത് മഹത്തായ പാരമ്പര്യമാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. ഒരു നൂറ്റാണ്ടിനുമുമ്പ് വടക്കടത്തുകാവിൽ സ്ഥാപിതമായ സ്കൂളാണ് പിന്നീട് അടൂരേക്ക് മാറ്റികൊണ്ടുപോയത്. വടക്കടത്തുകാവിലെ പൂർവ്വവിദ്യാർത്ഥികളായിരുന്നു ഹാസ്യസാഹിത്യകാരനായിരുന്ന ഇ. വി. കൃഷ്ണപിള്ളയും, ബഹുമുഖപ്രതിഭയായിരുന്ന മുൻഷിപരമുപിള്ളയും, കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ആർ. ശങ്കറും ദയാനന്ദസ്വാമി പരുത്തിപ്പാറയിൽ സ്ഥാപിച്ച സംസ്കൃതസ്കൂളിൽ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കാൻ ഗുരുകുലം എന്ന ഹോസ്റ്റൽ ഉണ്ടായിരുന്നു. പ്രസ്തുത സ്കൂൾ പിന്നീട് എൻ.എസ്.എസിന് നൽകി. സ്വാമിയുടെ ഓർമ്മ പുതുക്കാൻ സ്കൂൾ അധികൃതർ എല്ലാ വർഷവും ദയാനന്ദദിനം ആചരിച്ചു വരുന്നു. ഒരു നൂറ്റാണ്ട് മുൻപ് വെള്ളക്കുളങ്ങരയിൽ സി.എം.എസ് മിഷനറിമാർ സ്ഥാപിച്ച സ്കൂൾപഞ്ചായത്തിന്റെ സാമൂഹികസാംസ്കാരിക ചരിത്രത്തിൽ മായാത്ത മുദ്രകൾ പതിപ്പിച്ചു.

മഹത് വ്യക്തികളുടെ സന്ദർശനം കൊണ്ട് ധന്യമായ പ്രദേശമാണ് നമ്മുടേത്. 1934 ൽ എസ്.എൻ.ഡി.പി താലൂക്ക് യൂണിയൻ മന്ദിരത്തിന് ശിലാസ്ഥാപനം നടത്താൻ അടൂരിലെത്തിയ ഗാന്ധിജി വടക്കടത്തുകാവിലും വന്നിരുന്നു. ക്ഷേത്രമൈതാനത്തുള്ള കളത്തട്ടിലിരുന്ന് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് നാട്ടുകാരോട് സംസാരിച്ചു. ഈ പഞ്ചായത്തിലെ ദളിത് വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ ഈറ്റകൊണ്ട് നെയ്തെടുത്ത കുട്ടകളും, വട്ടികളും, മുറങ്ങളും, പനമ്പുകളും, കണ്ട് അദ്ദേഹം വളരെ സന്തുഷ്ടനാവുകയും അവരെ അഭിനന്ദിക്കുകയും ചെയ്ത സംഭവം ഈ നാടിന്റെ ചരിത്രത്തിലെ തിളങ്ങുന്ന അദ്ധ്യായമാണ്.

വിനോബഭാവെ ഭൂദാന യജ്ഞത്തിന്റെ ഭാഗമായി നടത്തിയ പദയാത്ര 1958 ൽ വടക്കടത്തുകാവിൽ എത്തിയപ്പോൾ ഈ പഞ്ചായത്തിലെ ഏതാനും വ്യക്തികൾ അവരുടെ ഉടമസ്ഥതിലുള്ള ഭൂമിയുടെ ഒരു ഭാഗം ഭൂരഹിതർക്ക് നൽകാനായി ദാനം ചെയ്തു. ഇങ്ങനെ ഭൂമി ലഭിച്ചവരുടെ മൂന്നാമത്തെയും നാലാമത്തെയും തലമുറകൾ ഇന്നും ആ ഭൂമിയിൽ താമസിക്കുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണി പോരാളിയും, ജയിലിൽ നിന്നും സാഹസികമായി തടവു ചാടിയതുമൂലം യുവാക്കളുടെ ആരാധനാപാത്രവുമായിത്തീർന്ന ജയപ്രകാശ് നാരായണൻ ഭാര്യയോടൊപ്പം 1951 ൽ ഏറത്തു പഞ്ചായത്തിൽ വരികയും അന്തിച്ചിറ

യിലൂടെ കാൽനടയായി യാത്ര ചെയ്ത് തൂവയൂരിൽ എത്തുകയും ഒരു ദിവസം അവിടെ താമസിക്കുകയും ചെയ്തു. ഇ. നാരായണപിള്ളയുടെ നേതൃത്വത്തിലുള്ള സംഘം അദ്ദേഹത്തെ സ്വീകരിച്ചു. ജെ. പിയെ സ്വീകരിക്കുവാനും അഭിവാദ്യമർപ്പിക്കാനുമായി ഈ നാട്ടുകാർക്കൊപ്പം ശൂരനാട്ടു നിന്നും കുന്നിൽ സുകുമാരൻ ഉണ്ണിത്താന്റെ നേതൃത്വത്തിൽ ഒരു സംഘം യുവാക്കൾ ജാഥയയായി തുവയൂരിൽ എത്തിയിരുന്നു.

തിരുവിതാംകൂർ രാജ്യം പടുത്തുയർത്തിയ മാർത്താണ്ഡവർമ്മ രാജാവിനെ ശത്രുക്കളുടെ കണ്ണിൽപ്പെടാതെ സുരക്ഷിതമായി താമസിക്കാൻ ഇടം നൽകിയതിലൂടെ പ്രശസ്തമായ നെല്ലിമൂട്ടിൽ തറവാട്ടിലെ അംഗമായ പീലിപ്പോസ് മുതലാളി ഏറത്തു പഞ്ചായത്തിലെ താഴത്തുമണ്ണിലാണ് താമസിച്ചിരുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രമുഖ നേതാവായിരുന്ന അദ്ദേഹം തിരുകൊച്ചി സംസ്ഥാനത്തിലെ നിയമസഭാംഗം എന്ന നിലയിൽ ഈ പ്രദേശത്തിന്റെ പശ്ചാത്തലവികസനത്തിന് ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ സാംസ്കാരികരംഗങ്ങളിൽ മഹത്തായ സംഭാവനകൾ നൽകിയ വ്യക്തിയായിരുന്നു മൗട്ടത്ത് ഗോപാലൻ ഉണ്ണിത്താൻ. തുവയൂർ വടക്ക് എൽ. പി. സ്കൂളിന് അദ്ദേഹം സൗജന്യമായി ഭൂമി നൽകി. മൗട്ടത്ത് കുടുംബാംഗങ്ങൾ നൽകിയ ഭൂമിയിലാണ് മണക്കാല പോളിടെക്നിക് കോളേജ് സ്ഥിതി ചെയ്യുന്നത്. തന്റെ പിതാവ് പള്ളിക്കൽ ചാങ്ങയിൽ പുതിയ വീട്ടിൽ ഗോവിന്ദൻ ഉണ്ണിത്താന്റെ പാതപിൻതുടർന്ന് മൗട്ടത്ത് കഥകളിയോഗം സംഘടിപ്പിക്കുകയും ഈ നാട്ടിലെ യുവാക്കൾക്ക് കഥകളിയിൽ സൗജന്യമായി പരിശീലനം നൽകാൻ വേണ്ടി ഗുരുക്കൻമാരെ നിയോഗിക്കുയും ചെയ്തു. കഥകളി ആചാര്യൻമാരായിരുന്ന ചെങ്ങന്നൂർ രാമൻപിള്ളയും, ഇറവങ്കര നീലകണ്ഠൻ ഉണ്ണിത്താനും ഈ കളിയോഗത്തിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

ഏറത്ത് പഞ്ചായത്തിൽ ജനിച്ച് കേരളത്തിന്റെ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ ശോഭിച്ച വ്യക്തിയായിരുന്നു എൻ. കുഞ്ഞുരാമൻ കോളേജ് വിദ്യാഭ്യാസക്കാലത്തു തന്നെ കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനായ അദ്ദേഹം വിദ്യാർത്ഥികളുടെ അവകാശ സമരങ്ങളിൽ സജീവമായി പങ്കെടുക്കുകയും അറസ്റ്റ് വരിക്കുകയും രാഷ്ട്രീയരംഗത്ത് ശ്രദ്ധേയനാവുകയും ചെയ്തു. എസ്. എൻ.ഡി. പി.യോഗത്തിന്റെ നേതൃനിരയിലും പ്രവർത്തിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർ എന്ന നിലയിൽ നമ്മുടെ നാട്ടിലെ ക്ഷേത്രങ്ങളുടെ പുരോഗതിക്കായി നല്ല പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദിവാനായിരുന്ന സർ. സി.പി. രാമസ്വമി അയ്യരുടെ നയങ്ങളെ ശക്തമായി എതിർത്തിരുന്ന 'മലയാളി' പത്രത്തിന്റെ പത്രാധിപർ അഴകത്ത് രാമക്കുറുപ്പ് താമസിച്ചിരുന്ന വീട് ഏറത്തു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയായ നെല്ലിമുകളിലാണ്. പതിറ്റാണ്ടുകൾക്ക് മുൻപ് ഉന്നത വിദ്യാഭ്യാസത്തിന് തിരുവനന്തപുരത്ത് എത്തിയിരുന്ന എല്ലാ വിദ്യാർത്ഥികൾക്കും താമസിച്ചു പഠിക്കാനുള്ള സൗകര്യങ്ങൾ ഇല്ലായിരുന്നു. അക്കാലത്ത്

തിരുവനന്തപുരത്തുള്ള രാമക്കുറുപ്പിന്റെ വസതിയിൽ നമ്മുടെ നാട്ടിൽ നിന്നു പഠിക്കാൻ പോയ നിരവധി വിദ്യാർത്ഥികൾക്ക് സൗജന്യമായി താമസിക്കാൻ സൗകര്യം ചെയ്തുകൊടുത്തിരുന്നു. ആ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും പ്രശസ്തമായ നിലയിൽ ബിരുദങ്ങളും ബിരുദാനന്തരബിരുദങ്ങളും സമ്പാദിക്കുകയും സമൂഹത്തിലെ ഉന്നതസ്ഥാനങ്ങളിൽ എത്തുകയും ചെയ്തു. മലയാളത്തിലെ പ്രസിദ്ധരായ പല എഴുത്തുകാരുടെയും സൃഷ്ടികൾ 'മലയാളി'യിലൂടെയാണ് വെളിച്ചം കണ്ടത്. തന്റെ കുടുംബസ്വത്തിന്റെ ഗണ്യമായ പങ്ക് പത്രത്തിനുവേണ്ടി ചെലവഴിച്ചെങ്കിലും പത്രം നിരോധിച്ചതിന്റേയും മറ്റും ഫലമായി സാമ്പത്തികമായി യാതൊരു മെച്ചവും അദ്ദേഹത്തിന് ഉണ്ടായില്ല.

കേരളത്തിന്റെ സാംസ്കാരിക രംഗത്തു അതുല്യസംഭാവനകൾ നൽകിയ വി.സി. രാമന്റെ വീട് ചൂരക്കോടാണ്. ഒരു കാലത്ത് അക്ഷരത്തിന്റെ ലോകത്തുനിന്നും അകറ്റിനിർത്തിയിരുന്ന ജനത ഭാരതത്തിന്റെ ഇതിഹാസങ്ങളായ മഹാഭാരതത്തിന്റെയും രാമായണത്തിന്റെയും അന്തസത്ത ഉൾക്കൊള്ളുകയും ഭാരതക്കളിയും സീതക്കളിയും എന്ന കലാരൂപങ്ങളായി പ്രാകൃതാരാധനാ കേന്ദ്രങ്ങളായ കാവുകളിലും, മലനടകളിലും അവതരിപ്പിക്കുകയും ചെയ്തു. വാമൊഴിയായി തലമുറകളിൽ നിന്നും തലമുറകളിലേക്ക് എത്തിയ ഈ കലാരൂപങ്ങൾ അന്യം നിന്നുപൊയ്ക്കൊണ്ടിരുന്ന സമയത്ത് പ്രസ്തുത ഇതിഹാസങ്ങളുടെ നേർപ്പകർപ്പുകൾ ഹൃദിസ്ഥമാക്കിയിട്ടുള്ള ജീവിച്ചിരുന്ന ഏക വ്യക്തിയായ വി.സി. രാമൻ അലോപ്പതി ഡോക്ടറും കലാ ഗവേഷകനുമായ ശ്രീ. ആർ. ശ്രീകുമാറിന് വാമൊഴിയായി പകർന്നു കൊടുക്കുകയും, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട് 'ഭാരതക്കളിയും സീതക്കളിയും' എന്ന പേരിൽ പുസ്തകരൂപേണ പ്രസിദ്ധീകരിക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ  മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വലിയ നഷ്ടം സംഭവിക്കുമായിരുന്നു. വാല്മീകിയുടെ രാമായണത്തിന് ലോകത്ത് നൂറിലധികം പാഠഭേദങ്ങൾ ഉണ്ടെന്നാണ് ഗവേഷകർ അഭിപ്രായപ്പെടുന്നത്. ഇവയെല്ലാം വ്യത്യസ്ത സംസ്കാരങ്ങൾ ഉൾക്കൊള്ളുകയും, ഓരോ കാലത്തെയും സാംസ്കാരിക മുദ്രകൾ അവയിൽ പതിയുകയും ചെയ്തിട്ടുണ്ട്. അനുഷ്ഠാനങ്ങളോട് ബന്ധപ്പെട്ടു നില്ക്കുമ്പോൾ തന്നെ  അധ്വാനം, കൃഷി എന്നിവയോടും ബന്ധപ്പെട്ട അനുഭവങ്ങൾ പങ്കു വയ്ക്കുന്നു. ഒരു പരിധിവരെ മതേതര സ്വഭാവം നിലനിർത്തികൊണ്ടാണ് ഇവ വളർന്നു പന്തലിച്ചതെന്ന് നിരൂപകർ അഭിപ്രായപ്പെടുന്നു. ലോകം ഒരു കുടുംബമാണെന്നും പ്രപഞ്ചത്തിൽ കാണപ്പെടുന്ന വൈരുദ്ധ്യങ്ങളും വൈചിത്ര്യങ്ങളും പരസ്പരം ആക്രമിക്കാനും കീഴ്പ്പെടുത്താനും വേണ്ടിയുള്ളതല്ലെന്നും അന്യോന്യം സ്നേഹിക്കാനും, സഹകരിക്കാനും, സമർപ്പിക്കാനും വേണ്ടിയുള്ളതാണെന്നും ഉള്ള സന്ദേശമാണ് മഹാഭാരത രാമായണാദികൾ ഉയർത്തിപ്പിടിക്കുന്നതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

വാർദ്ധക്യവും രോഗവും തളർത്തിയിട്ടും ഈ ആചാര്യൻ നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനയെക്കുറിച്ച് പറയുമ്പോൾ മനുഷ്യൻ അക്ഷരങ്ങളിലൂടെ അമരനാകുമെന്ന് നമുക്ക് ബോദ്ധ്യപ്പെടുന്നു. രാമനാശാനോടുള്ള ആദരസൂചകമായി മുൻ ഏറത്തുഗ്രാമ പഞ്ചായത്ത് കമ്മിറ്റി അദ്ദേഹത്തിന്റെ വീടിന് സമീപത്തുകൂടി പോകുന്ന റോഡിന് രാമനാശാൻറോഡ് എന്ന പേര് നൽകി. ഭാരതത്തിന്റെ മഹത്തായ ഇതിഹാസങ്ങ

ളുടെ കർത്താക്കളായ വാല്മീകിയും, വ്യാസനും ഇന്നത്തെ ദളിത് കല്പനയിൽപ്പെടുന്ന ജനവിഭാഗങ്ങളിൽപ്പെട്ടവരായിരുന്നു. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് സംസ്കൃതഭാഷയും വേദേതിഹാസങ്ങളും നിഷിദ്ധമായിത്തീർന്നത് കാലത്തിന്റെ ഒരു തമാശയെന്നെ പറയാൻ കഴിയു.

ഐതിഹ്യസ്മരണകൾ നെഞ്ചിലേറ്റിക്കൊണ്ട് ആകാശത്തിന്റെ അങ്ങേയറ്റത്ത് കണ്ണും നട്ട് നിൽക്കുന്ന പാണ്ഡവൻകുന്ന് എന്നുകൂടി പേരുള്ള നെടുംകുന്ന് മല ഏറത്തുഗ്രാമപഞ്ചാത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്നു. അടൂർ ടൗണിൽ നിന്ന് അഞ്ചു കിലോമീറ്ററും മണക്കാല ജംഗ്ഷനിൽ നിന്നും രണ്ടു കിലോമീറ്ററും അകലെയായി സ്ഥിതി ചെയ്യുന്ന നെടുംകുന്ന് ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ കുന്നാണ്. പണ്ട് ഓണക്കാലത്ത് പൂവിളികൾ മുഴങ്ങിയിരുന്ന ഈ മലയുടെ ചരുവുകളിൽ ഇന്ന് നിശബ്ദത തളം കെട്ടി നിൽക്കുന്നു. നഗരങ്ങൾ നാട്ടിൻ പുറങ്ങളെ വിഴുങ്ങാൻ തുടങ്ങിയപ്പോൾ മനുഷ്യമനസ്സ് ചുരുങ്ങി ചുരുങ്ങി വന്നതു പോലെ ഈ കുന്നും ചുരുങ്ങി ചുരുങ്ങി രണ്ടേക്കർപോലും ഇല്ലാതെയായി. മനുഷ്യന്റെ ആർത്തിക്ക് അതിരുണ്ടായിരുന്ന കാലത്ത് നെടുംകുന്നിന്റെ നെറുകയിൽ കയറിയാൽ ഉദയാസ്തമനങ്ങൾ കാണാമായിരുന്നു. ശാസ്താംകോട്ട കായൽ കാണാമായിരുന്നു. വളരെ ദൂരെയുള്ള ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് നടത്തുന്ന വെടിക്കെട്ടുകൾ കാണാൻ രാത്രികാലങ്ങളിൽ ഈ പ്രദേശവാസികൾ ഈ കുന്നിന്റെ മുകളിൽ കയറുമായിരുന്നു.

ഒന്നര പതിറ്റാണ്ടായി ഏറത്ത് ഗ്രാമപഞ്ചായത്ത് സ്വപ്നം കണ്ട നെടുംകുന്ന് ടൂറിസം പദ്ധതിക്കായി കേരളം ഭരിച്ച കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മൂന്നുകോടിയിൽ പരം രൂപ അനുവദിച്ചു. ഈ പദ്ധതി യാഥാർത്ഥ്യമായാൽ ഈ പഞ്ചായത്തിന്റെ വികസനത്തിന് അനന്തസാദ്ധ്യതകൾ തെളിഞ്ഞുവരും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.. തന്റെ ബാല്യകൗമാരങ്ങൾക്ക് നിറം പകർന്ന നെടുംകുന്നിനെക്കുറിച്ച് വിഖ്യാത ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണൻ പറയുന്നു.

''ഞങ്ങളുടെ സ്വന്തം സഹ്യപർവ്വതമായ നെടുംകുന്ന് എന്റെ വീടിനുപിറകിലെ പറമ്പിനും വയലിനും പിന്നിൽ, ഒരു കാവൽ ദൈവം പോലെ നിരന്തരം നിവർന്ന് നിൽക്കുന്നു. ഇടയ്ക്കൊന്ന് പറയട്ടെ മല ദൈവങ്ങളുടെ നാടാണ് അടൂർ. പള്ളികൂടത്തിൽ മറിച്ച് പഠിപ്പിച്ചില്ലായിരുന്നെങ്കിൽ ലോകത്തെ ഏറ്റവും വലിയ പർവ്വതമേത് എന്ന ചോദ്യത്തിന് ഞങ്ങളുടെ ഉത്തരം നെടുംകുന്ന് എന്നാകുമായിരുന്നു. മലയുടെ മേൽത്തട്ടിൽ ബൃഹദാകാശത്തിന് തൊട്ടുതാഴെ പട്ടം പറത്തിയും കിളിത്തട്ടുകളിച്ചും ഓണപ്പാട്ടുപാടിയും മദിച്ചുമറിഞ്ഞ നിമിഷങ്ങൾ എത്ര ധന്യം''

**"ജനാധിപത്യം മഹത്തായ സ്ഥാപനമാണ്. അതുകൊണ്ട് തന്നെ ദുരുപയോഗപ്പെടുത്താനുള്ള സാദ്ധ്യതയും ഏറെയാണ്. അതിനുള്ള പ്രതിവിധി ജനാധിപത്യം ഒഴിവാക്കുകയല്ല. അത് ദുരുപയോപ്പെടുത്താനുള്ള സാദ്ധ്യതകൾ ഏറ്റവും കുറയ്ക്കുകയാണ്."**

**ഗാന്ധിജി**

# എഡിറ്റോറിയൽ ബോർഡ്

ശ്രീ. സന്തോഷ് ചാത്തന്നൂപ്പുഴ (പ്രസിഡന്റ് ഏറത്ത് ഗ്രാമപഞ്ചായത്ത്)

ശ്രീമതി. മറിയാമ്മ തരകൻ (ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി)

ശ്രീ. കെ.പി. സുരേന്ദ്രൻ (ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ)

ശ്രീ. ഡി. ജയകുമാർ (ഗ്രാമപഞ്ചായത്ത് അംഗം)

ശ്രീമതി. ശോഭന കുഞ്ഞുകുഞ്ഞ് (ഗ്രാമപഞ്ചായത്ത് അംഗം)

ശ്രീ. രാജേഷ് അമ്പാടി (ഗ്രാമപഞ്ചായത്ത് അംഗം)

ശ്രീ. കെ. യു. ശ്രീകുമാർ (ആസൂത്രണ സമിതി അംഗം)

ശ്രീ. ജി. മുരളീധരൻ (ആസൂത്രണ സമിതി അംഗം)

ശ്രീ. വി. വിജയൻ (ആസൂത്രണ സമിതി അംഗം)

ഏകോപനം - ശ്രീ. സിജു. പി, സെക്രട്ടറി, ഏറത്ത് ഗ്രാമപഞ്ചായത്ത്

കവർ ഡിസൈൻ - ശ്രീമതി. സുനിത എം. വി, പ്രോജക്റ്റ് അസിസ്റ്റന്റ്, ഏറത്ത് ഗ്രാമ പഞ്ചായത്ത്

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | ഏറത്ത് |
| വില്ലേജ് | ഏറത്ത് |
| ബ്ലോക്ക് | പറക്കോട് |
| താലൂക്ക് | അടൂർ |
| ജില്ല | പത്തനംതിട്ട |
| പഞ്ചായത്ത് വിസ്തീർണ്ണം | 21.74 ച.കി.മി. |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 30084 |
| പുരുഷന്മാർ | 14640 |
| സ്ത്രീകൾ | 15444 |
| പട്ടികജാതി | 5914 |
| പട്ടികവർഗ്ഗം | ഇല്ല |
| വാർഡുകൾ | 17 |
| വനിത സംവരണ വാർഡുകൾ | 7 |
| പട്ടികജാതി സംവരണ വാർഡുകൾ | 1 |
| പട്ടികജാതി വനിതാ സംവരണ വാർഡുകൾ | 2 |

# ഏറത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതി

**ശ്രീ. സന്തോഷ് ചാത്തന്നൂപ്പുഴ (പ്രസിഡന്റ് )**
**ശ്രീമതി. ശ്രീജാകുമാരി (വൈസ് പ്രസിഡന്റ് )**
**ശ്രീമതി. മറിയാമ്മ തരകൻ (ചെയർപേഴ്സൺ വികസനം)**
**ശ്രീമതി ഉഷാ ഉദയൻ ചെയർപേഴ്സൺ, ക്ഷേമകാര്യം)**
**ശ്രീ. അനിൽ പൂതക്കുഴി (ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസം)**

| നം. | വാർഡ് | പേര് | മൊബൈൽ നമ്പർ |
|---|---|---|---|
| 1. | മണക്കാല | ശ്രീമതി. എൽസി ബെന്നി | 9497789669 |
| 2. | വെള്ളാരംകുന്ന് | ശ്രീമതി. ശ്രീജാകുമാരി | 9048095009 |
| 3. | അയ്യൻകോയിക്കൽ | ശ്രീ. രാജേഷ് ആമ്പാടിയിൽ | 9446433660 |
| 4. | പരുത്തപ്പാറ | ശ്രീമതി. സൂസൻ ശശികുമാർ | 9400914076 |
| 5. | മുരുകൻകുന്ന് | ശ്രീമതി. ശ്രീലേഖ ഹരികുമാർ | 9633219644 |
| 6. | കിളിവയൽ | ശ്രീമതി. മറിയാമ്മ തരകൻ | 9447594568 |
| 7. | വയല | ശ്രീ. രമണൻ ആർ | 9446811656 |
| 8. | പുലിമല | അഡ്വ. ഡി. രാജീവ് | 9447647664 |
| 9 | പുതുശ്ശേരിഭാഗം | ശ്രീ. ഡി. ജയകുമാർ | 9446709487 |
| 10. | മഹർഷിക്കാവ് | ശ്രീ. സന്തോഷ്കുമാർ ബി. | 8547197940 |
| 11. | ചാത്തന്നൂപ്പുഴ | ശ്രീ. സന്തോഷ് ചാത്തന്നൂപ്പുഴ | 9447792385 |
| 12. | വടക്കടത്തുകാവ് | ശ്രീ. അനിൽ പൂതക്കുഴി | 9447704090 |
| 13. | ചൂരക്കോട് | ശ്രീമതി. സ്വപ്ന എ. | 9947152249 |
| 14. | ശ്രീനാരായണപുരം | ശ്രീമതി. പുഷ്പവല്ലി കെ. | 9562975038 |
| 15 | അന്തിച്ചിറ | ശ്രീമതി. ശോഭന കുഞ്ഞുകുഞ്ഞ് | 9961928410 |
| 16 | തുവയൂർ വടക്ക് | ശ്രീമതി. ഉഷാ ഉദയൻ | 9645102262 |
| 17. | ജനശക്തി | ശ്രീമതി. റോസമ്മ ഡാനിയേൽ | 9074096358 |

# ആസൂത്രണ സമിതി

| നം. | പേരും സ്ഥാനവും | മൊബൈൽ നമ്പർ |
|---|---|---|
| 1. | ശ്രീ. സന്തോഷ് ചാത്തന്നൂപ്പുഴ (ചെയർമാൻ) | 9447792385 |
| 2. | ശ്രീ. സുരേന്ദ്രൻ കെ. പി (വൈസ് ചെയർമാൻ) | 9446304815 |
| 3 | ശ്രീമതി. ശ്രീജാകുമാരി (അംഗം) | 9048095009 |
| 4. | ശ്രീമതി. മറിയാമ്മ തരകൻ (അംഗം) | 9447594568 |
| 5. | ശ്രീ. അനിൽ പൂതക്കുഴി (അംഗം) | 9447704090 |
| 6. | ശ്രീമതി. ഉഷാ ഉദയൻ (അംഗം) | 9645102262 |
| 7. | ശ്രീ. പി. നിമേഷ് രാജ് (അംഗം) | 9744406050 |
| 8. | ശ്രീ. കെ. പ്രസന്നൻ (അംഗം) | 9847816610 |
| 9 | ശ്രീ. പി.ആർ സുദേവൻ (അംഗം) | 9495764630 |
| 10 | ശ്രീ. കെ. കവിരാജൻ (അംഗം) | 9188224062 |
| 11 | ശ്രീ. കെ. യു. ശ്രീകുമാർ (അംഗം) | 9497329731 |
| 12. | ശ്രീ. കേശവൻ കെ. (അംഗം) | 9446117615 |
| 13 | ശ്രീ. വി. വിജയൻ (അംഗം) | 9447959212 |
| 14 | ശ്രീ. ജി. മുരളീധരൻ (അംഗം) | 9447029709 |
| 15. | ശ്രീ. ഡി. അജിത്കുമാർ (അംഗം) | 9495085708 |
| 16 | ശ്രീമതി. ചന്ദ്രമതി രവി (അംഗം) | 8547343795 |
| 17 | ശ്രീ. ഡി. ജയകുമാർ (അംഗം) | 9446709487 |
| 18 | ശ്രീ. എൻ. കണ്ണപ്പൻ (അംഗം) | 9633167236 |
| 19 | ശ്രീ. രാജേഷ്കുമാർ (അംഗം) | 9446433660 |
| 20. | ശ്രീ. സിജു പി. (കൺവീനർ) | 9496042693 |

## ലോക്സഭാ, നിയമസഭ, ജില്ല, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

| | | |
|---|---|---|
| ലോക്സഭാ അംഗം | : | ശ്രീ. ആന്റോ ആന്റണി |
| നിയമസഭാ അംഗം | : | ശ്രീ. ചിറ്റയം ഗോപകുമാർ |
| ജില്ലാ പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീ. സി. കൃഷ്ണകുമാർ |
| | : | കുമാരി. ശ്രീനാദേവി കുഞ്ഞമ്മ |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീ. റോഷൻ ജേക്കബ് |
| | : | ശ്രീമതി. റ്റി. സരസ്വതി |
| | : | ശ്രീ. ബാബു |

## നിർവ്വഹണ ഉദ്യോഗസ്ഥരുടെ പട്ടിക

| | | |
|---|---|---|
| 1. സെക്രട്ടറി | : | ശ്രീ. സിജു. പി |
| 2. അസിസ്റ്റന്റ് സെക്രട്ടറി | : | ശ്രീ. സുരേഷ്കുമാർ ജെ. |
| 3. കൃഷി ഓഫീസർ | : | ശ്രീ. റോണി വർഗീസ് |
| 4. വെറ്റിനറി സർജ്ജൻ | : | ഡോ. ജി. അനിത |
| | : | ഡോ. നിഷ എസ്. പി |
| 5. അസ്സിസ്റ്റന്റ് എഞ്ചിനീയർ | : | ശ്രീ. ഉദീഷ് ഉദയൻ |
| 6. ഐ.സി.ഡി.എസ്. സൂപ്പർവൈസർ | : | ശ്രീമതി. കവിതാ കൃഷ്ണൻ |
| 7. വി.ഇ.ഒ. | : | ശ്രീമതി. സജിനാ ബീവി |
| | : | ശ്രീ. ഷിബുമോൻ എം. |
| 8. മെഡിക്കൽ ആഫീസർ (അലോപ്പതി) | : | ഡോ. ദിവ്യ എസ്സ്. |
| 9. ഹോമിയോ | : | ഡോ. സുമി സുരേന്ദ്രൻ |
| 10. ആയുർവേദം | : | ഡോ. മാൻസി അലക്സ് |
| 11. ഹെഡ്മിസ്ട്രസ് | : | ശ്രീമതി. ശ്രീജ |
| 12. ഡയറി ഫാം ഇൻസ്പെക്ടർ | : | ശ്രീ. സജി. പി. വിജയൻ |

## 2. ഏറത്ത് ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | ഏറത്ത് |
| പഞ്ചായത്തിന്റെ ആസ്ഥാനം | : | വടക്കടത്തുകാവ് |
| വാർഡുകളുടെ എണ്ണം | : | 17 |
| പഞ്ചായത്ത് നിലവിൽ വന്ന തീയതി | : | 1963 ഡിസംബർ 23 |
| വില്ലേജ് | : | ഏറത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | : | പറക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | 1. ഏനാത്ത്<br>2. വടക്കടത്തുകാവ്<br>3. പെരിങ്ങനാട് |
| ജില്ലാ പഞ്ചായത്ത് | : | പത്തനംതിട്ട |
| ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ | : | ഏനാത്ത് |
| | : | പള്ളിക്കൽ |
| നിയമസഭാ മണ്ഡലം | : | അടൂർ |
| ലോകസഭാ മണ്ഡലം | : | പത്തനംതിട്ട |
| റവന്യൂ ജില്ല | : | പത്തനംതിട്ട |
| റവന്യൂ ഡിവിഷൻ | : | അടൂർ |
| താലൂക്ക് | | |
| റവന്യൂ വില്ലേജ് | : | ഏറത്ത് |
| വിസ്തീർണ്ണം | : | 21.74 ച. കിലോ മീറ്റർ |

### അതിരുകൾ

| | | |
|---|---|---|
| തെക്ക് | : | ഏഴംകുളം, കടമ്പനാട് ഗ്രാമപഞ്ചായത്തുകൾ |
| വടക്ക് | : | പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, അടൂർ മുനിസിപ്പാലിറ്റി |
| കിഴക്ക് | : | ഏഴംകുളം ഗ്രാമപഞ്ചായത്ത്, അടൂർ മുനിസിപ്പാലിറ്റി |
| പടിഞ്ഞാറ് | : | കടമ്പനാട്, പള്ളിക്കൽ ഗ്രാമപഞ്ചായത്തുകൾ |

| കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ | ആസ്ഥാനം |
|---|---|
| BSNL ടെലിഫോൺ എക്സേഞ്ച് | കിളിവയൽ |
| പോസ്റ്റോഫീസുകൾ | 1. വടക്കടത്തുകാവ് 2. ചൂരക്കോട്<br>3. മണക്കാല. 4. വയല |

| സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | ആസ്ഥാനം |
|---|---|
| കൃഷിഭവൻ | വടക്കടത്തുകാവ് |
| മൃഗാശുപത്രി | 1. വടക്കടത്തുകാവ് 2. വയല |
| മൃഗാശുപത്രി സബ്സെന്റർ | 1. ചൂരക്കോട് 4. അന്തിച്ചിറ |
| പ്രാഥമികാരോഗ്യ കേന്ദ്രം | അന്തിച്ചിറ |
| സബ്സെന്ററുകൾ | 1. ചൂരക്കോട് 2. വയല 3. പുതുശ്ശേരിഭാഗം<br>4. ചിറ്റാണിമുക്ക് 5. മണക്കാല |
| ആയുർവ്വേദ ആശുപത്രി | ചൂരക്കോട് |
| ഹോമിയോ ആശുപത്രി | വടക്കടത്തുകാവ് |
| സായുധാപോലീസ് പരിശീലനകേന്ദ്രം | പരുത്തിപ്പാറ, അടൂർ |

## വിദ്യാലയങ്ങൾ

| | | |
|---|---|---|
| പ്രൈമറി | : | 1. ഗവ: എൽ.പി.എസ്. ചൂരക്കോട് |
| | : | 2. ഗവ: എൽ.പി.എസ്. തുവയൂർ വടക്ക് (കോട്ടറ) |
| | : | 3. ഗവ: എൽ.പി.എസ്. വയല |
| | : | 4. ഗവ: എൽ.പി.എസ്. പുതുശ്ശേരിഭാഗം |
| | : | 5. ഗവ: എൽ.പി.എസ്. വടക്കടത്തുകാവ് |
| | : | 6. എൻ.എസ്.എസ്. എൽ.പി.എസ്. പരുത്തിപ്പാറ |
| അപ്പർ പ്രൈമറി | : | 1. ഗവ. യു.പി.എസ്. മണക്കാല |
| | : | 2. ഗവ. യു.പി.എസ്. വടക്കടത്തുകാവ് |
| | : | 3. എൻ.ഡി.എം. യു.പി.എസ്. വയല |
| | : | 4. എൻ.എസ്.എസ് യു.പി.എസ്. ചൂരക്കോട് |
| | : | 5. എൻ.എസ്.എസ് യു.പി.എസ്. പരുത്തിപ്പാറ |
| ഹൈസ്കൂളുകൾ | : | 1. ഗവ. എച്ച്.എസ്.വടക്കടത്തുകാവ് |
| | : | 2. എൻ.എസ്.എസ്.എച്ച്.എസ്.ചൂരക്കോട് |
| ഹയർ സെക്കണ്ടറി | : | 1. എൻ.എസ്.എസ്.എച്ച്.എസ്.എസ്. ചൂരക്കോട് |
| | : | 2. എൻ.എസ്.എസ്.എച്ച്.എസ്.എസ്. പരുത്തിപ്പാറ |
| വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ | : | 1. ഗവ. എച്ച്.എസ്.എസ്. വടക്കടത്തുകാവ് |
| ആർട്സ് & സയൻസ് കോളേജ് | : | സെന്റ് സിറിൽസ് കോളേജ്, കിളിവയൽ |
| പോളിടെക്നിക് കോളേജ് | : | ഗവ. പോളിടെക്നിക് കോളേജ് മണക്കാല |
| എഞ്ചിനീയറിംഗ് കോളേജ് | : | ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് മണക്കാല, അടൂർ |
| തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ | : | അന്തിച്ചിറ, വടക്കടത്തുകാവ്, വയല |
| ഭാഗിക ശ്രവണ വിദ്യാലയം | : | 1. താഴത്തുമൺ, മണക്കാല |
| | : | 2. ദീപ്തി സ്പെഷ്യൽ സ്കൂൾ, മണക്കാല |
| ബൈബിൾ കോളേജ് | : | ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി, മണക്കാല |
| ഐ.റ്റി.സി. | : | 1. എം.എം.ഡി.എം. ഐ.റ്റി.സി. വടക്കടത്തുകാവ്, അടൂർ |
| സംസ്ഥാന നിർമ്മിതി കേന്ദ്രം സബ്സെന്റർ | : | മണക്കാല |
| പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം | : | 1. അന്തിച്ചിറ, തുവയൂർ വടക്ക് |
| ഓപ്പൺ എയർ ആഡിറ്റോറിയം | : | അന്തിച്ചിറ, തുവയൂർ വടക്ക് |
| പഞ്ചായത്ത് സ്റ്റേഡിയം | : | അന്തിച്ചിറ, തുവയൂർ വടക്ക് |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | : | വടക്കടത്തുകാവ് |
| സ്വകാര്യ ആശുപത്രികൾ (ക്ലിനിക്കുകൾ) | : | അനുഗ്രഹ ഹോസ്പിറ്റൽ , മണക്കാല |
| | : | ആരാധന ഹോസ്പിറ്റൽ, ചൂരക്കോട് |
| | : | സെന്റ് മേരീസ് ക്ലിനിക്ക്, കിളിവയൽ |
| | : | അയ്യപ്പാ ഹോമിയോ ആശുപത്രി, അന്തിച്ചിറ |
| | : | കാർത്തികാ ഹോമിയോക്ലിനിക്ക്, വടക്കടത്തുകാവ് |

| | | |
|---|---|---|
| വ്യവസായ സ്ഥാപനങ്ങൾ : | 1. | ചൈതന്യ മാർബിൾസ്, വടക്കടത്തുകാവ് |
| | 2. | സ്റ്റീൽ സിറ്റി, വടക്കടത്തുകാവ് |
| | 3. | ലക്ഷ്മി പോളിമർ ഇൻഡസ്ട്രീസ്, ചൂരക്കോട് |
| | 4. | പി.എം. ഇൻഡസ്ട്രീസ്, തുവയൂർ വടക്ക് |
| | 5. | ബെൻ ഗ്രൂപ്പ്, തുവയൂർ വടക്ക് |
| | 6. | ജി.ജി.എം. കെമിക്കൽസ്, ചൂരക്കോട് |
| | 7. | ജി.ഒ. ടൈൽസ്, ചൂരക്കോട് |
| | 8. | മോഹൻ മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, ചൂരക്കോട് |
| | 9. | പി.കെ. മാർക്കറ്റിംഗ്, പുതുശ്ശേരിഭാഗം |
| ഗ്രന്ഥശാലകൾ : | 1. | ചൂരക്കോട് പബ്ലിക് ലൈബ്രറി |
| | 2. | പുതുശ്ശേരി ഭാഗം ദേശസേവിനി വായനശാല |
| | 3. | വടക്കടത്തുകാവ് പബ്ലിക് ലൈബ്രറി |
| | 4. | വയല നേതാജി സ്മാരക ഗ്രന്ഥശാല |
| | 5. | തുവയൂർ വടക്ക്, ഗ്രാമോദ്ധാരണ ഗ്രന്ഥശാല |
| | 6 | പഞ്ചായത്ത് ലൈബ്രറി, അന്തിച്ചിറ |
| അംഗനവാടികൾ | : | 24 എണ്ണം |
| ആശാൻ പള്ളിക്കൂടം | : | 8 എണ്ണം |
| കുടുംബശ്രീ യൂണിറ്റുകൾ | : | 220 എണ്ണം |
| സി.ഡി.എസ്. ആസ്ഥാനം | : | വടക്കടത്തുകാവ് |
| ധനകാര്യ സ്ഥാപനങ്ങൾ : | 1. | പത്തനംതിട്ട ജില്ലാ സഹകരണബാങ്ക്, കിളിവയൽ |
| | 2. | ഏറത്ത് സർവ്വീസ് സഹകരണ ബാങ്ക്, ചൂരക്കോട് |
| | 3. | ഏറത്ത് സർവ്വീസ് സഹകരണ ബാങ്ക്, മണക്കാല |
| | 4. | ഫെഡറൽ ബാങ്ക്, മണക്കാല ശാഖ |
| | 5. | ഏറത്ത് സർവ്വീസ് സഹകരണ ബാങ്ക്, വടക്കടത്തുകാവ് |
| | 6. | EPSWS |
| പൊതുവിതരണ സ്ഥാപനങ്ങൾ : | 1 | മാവേലി സ്റ്റോർ, വടക്കടത്തുകാവ് |
| | 2. | മാവേലി സ്റ്റോർ, അന്തിച്ചിറ |
| | 3. | റേഷൻ ഷോപ്പുകൾ 18 എണ്ണം |
| ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ: | 1. | പുതുശ്ശേരി ഭാഗം 2. അന്തിച്ചിറ |
| പട്ടികജാതി സഹകരണ സംഘം | : | ചൂരക്കോട് ഫാക്ടറി ജംഗ്ഷൻ |
| വനിതാ സഹകരണ സംഘം | : | അന്തിച്ചിറ |
| പട്ടികജാതി സങ്കേതങ്ങൾ | : | 40 എണ്ണം |
| ലക്ഷംവീട് കോളനികൾ | : | 5 എണ്ണം |
| കശുവണ്ടി ഫാക്ടറികൾ | : | 3 എണ്ണം |
| മാർക്കറ്റുകൾ | : | 1 മണക്കാല |

## ജനസംഖ്യ

| | | |
|---|---|---|
| ആകെ ജനസംഖ്യ | : | 30084 |
| പുരുഷന്മാർ | : | 14640 |
| സ്ത്രീകൾ | : | 15444 |
| ആകെ വീടുകളുടെ എണ്ണം | : | 8777 |

# പൊതുഭരണവും ധനകാര്യവും

**13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ വാർഷിക പദ്ധതി ഇനത്തിൽ ബജറ്റ് അനുബന്ധം -4 പ്രകാരം ലഭ്യമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ഫണ്ട് | 2017 - 18 | 2018 - 19 | 2019 - 20 | 2020 - 21 | 2021 - 22 |
|---|---|---|---|---|---|
| **സാധാരണ വിഹിതം** | 14633000 | 16664000 | 13673000 | 13424000 | 16124000 |
| **കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം കേന്ദ്ര ധനകാര്യ** | 9368372 | 7734000 | 10450000 | 5880000 | 3602400 |
| **കമ്മീഷൻ പ്രത്യേക ഉദ്ദേക ഗ്രാന്റ് പട്ടികജാതി ഉപ** | | | | 5880000 | 3602400 |
| **പദ്ധതി മെയിന്റനൻസ്** | 10847000 | 11615000 | 11782000 | 11002000 | 10148000 |
| **ഗ്രാന്റ് (റോഡിതരം) മെയിന്റനൻസ്** | 3865000 | 3402000 | 3979000 | 4273000 | 5896000 |
| **ഗ്രാന്റ് (റോഡ്)** | 65601580 | 42844000 | 50096000 | 53801000 | 50906000 |

**ഏറത്തു ഗ്രാപഞ്ചായത്തിലെ 17 വാർഡുകളിലെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ മാനദണ്ഡ പ്രകാരം തുക ചെലവഴിക്കുന്നു.**

**13-ാം പഞ്ചവത്സര പദ്ധതി കാലത്തെ വികസന ഫണ്ട് മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ ചെലവായ തുകയുടെ ശതമാനം ചുവടെ ചേർക്കുന്നു.**

| ഫണ്ട് | 2017-18 | 2018 - 19 | 2019 -20 | 2020 - 21 | 2021- 22 |
|---|---|---|---|---|---|
| **വികസന ഫണ്ട്** | 72.59 | 74.69 | 69.65 | 77.95 | 63 |
| **മെയിന്റനൻസ് ഗ്രാന്റ്** | 49.14 | 31.58 | 38.81 | 79.25 | 49 |

**പദ്ധതി നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നു.**

**13 -ാം പഞ്ചവത്സര പദ്ധതി കാലത്തെ തനത് ഫണ്ട് വകയിരുത്തലും ചുവടെ ചേർക്കുന്നു.**

| ഫണ്ട് | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| തനത് ഫണ്ട് വകയിരുത്തൽ | 14046347 | 28775320 | 13615662 | 15656611 | 5522004 |
| തനത് ഫണ്ട് ചെലവ് | 3711762 | 10354758 | 5306238 | 10120247 | 1991065 |

**പദ്ധതി നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നു.**

**ഏറത്തു ഗ്രാപഞ്ചായത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി ആസൂത്രണ സമിതി നിർദ്ദേശങ്ങൾ, വർക്കിങ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ, ഗ്രാമസഭ നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ച് ഭരണസമിതി തീരുമാനത്തിന് വിധേയമായി പദ്ധതികൾ തയ്യാറാക്കുന്നു. ആസൂത്രണ സമിതി അംഗീകാരം ലഭിച്ച പദ്ധതികൾ ആവശ്യമായ നടപടി ക്രമങ്ങൾ പാലിച്ച് നടപ്പിലാക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം യഥാസമയം വിളിച്ച് ചേർത്ത് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.**

ഫോറം 3

# മുൻകാല മാതൃകാ/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **പൊതുഭരണവും ധനകാര്യവും**

| ക്ര.ന. | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | സേവനം | എസ്. സി. സർട്ടിഫിക്കേഷൻ | - | 1008252 | 150 സർട്ടിഫിക്കേഷൻ | 150 സർട്ടിഫിക്കേഷൻ | ഓഫീസ് പ്രവർത്തനങ്ങൾ 150 നിലവാരത്തിൽ എത്തിച്ചു |

സ്ഥലം:

തീയതി:

ഒപ്പ്:

പേര്:

കൺവീനർ:

..................................... (വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 4

# പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **പൊതുഭരണവും ധനകാര്യവും**

| ക്ര. ന. | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

സ്ഥലം: ഏറത്ത്

ഒപ്പ്:

തീയതി:

പേര്:

കൺവീനർ:

പൊതുഭരണവും ധനകാര്യവും (വർക്കിംഗ് ഗ്രൂപ്പ്)

# 2021-22 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: പൊതുഭരണവും ധനകാര്യവും

| ക്ര.ന. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | So/ New | GEN/ SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1. | 102 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | New | Gen | | സേവനം മെച്ചപ്പെടുത്തൽ | | സേവനം മെച്ചപ്പെടുത്തൽ | പദ്ധതി പൂർത്തിയായി വരുന്നു |

പൂർത്തീകരിച്ചു/തുടരുന്നു/പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

സ്ഥലം: ഏറത്ത്

തീയതി: 17-01-2022

ഒപ്പ്:

പേര്:

കൺവീനർ:

.....................................(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 6

# പതിനാലാം പഞ്ചവത്സര പദ്ധതി (2022-27)
# പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത (☐ ചെയ്യുക) | | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം? | | |
|---|---|---|---|---|---|---|---|---|---|
| | | | ലഘു തരം | ഗുരു തരം | അതീവ ഗുരു തരം | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർ തലത്തിൽ |
| 1. സേവനം | ഓഫീസ് സൗകര്യങ്ങളുടെ അപര്യാപ്തത | കെട്ടിടസൗകര്യങ്ങളുടെ അഭാവം | | √ | | കെട്ടിട സൗകര്യങ്ങളുടെ പരിമിതി | √ | | √ |
| 2. | മതിയായ ജീവനക്കാരുടെ കുറവ് | ഓഫീസ് പ്രവർത്തനങ്ങൾ | | √ | | വർദ്ധിച്ചു വരുന്ന ചുമതലകൾ | | | √ |

തദ്ദേശഭരണസ്ഥാപത്തിന്റെ പേര് ഏറത്ത് ഗ്രാമപഞ്ചായത്ത്    വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:

*തദ്ദേശഭരണത്തിന്റെ അധികാരങ്ങൾ, ചുമതലകൾ, പദ്ധതി രൂപീകരണ മാർഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത, സാമ്പത്തിക ക്ഷമത, വിജയ സാദ്ധ്യത, പ്രായോഗികത, പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയും കണക്കിലെടുത്തു കൊണ്ടായിരിക്കണം സാധ്യതകൾ പരിഗണിക്കേണ്ടത്.

സ്ഥലം:    ഒപ്പ്:

തീയതി:    പേര്:

കൺവീനർ:

കൃഷിയും അനുബന്ധ മേഖലയും(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 7

# വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണസ്ഥാപത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: പൊതുഭരണവും ധനകാര്യവും

| ക്ര. ന. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032 -ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതി | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | സേവനം | പദ്ധതി തുക100% ചെലവഴിക്കുക | ചെലവ് ശതമാനം | 77% | 100 % ചെലവ് | പദ്ധതി ചെലവ് 100 % | മികച്ച പദ്ധതി ആസൂത്രണവും നിർവഹണവും |
| 2 | സേവനം | ഏറത്ത്ഗ്രാമപഞ്ചായത്ത് ഘടക സ്ഥാപനങ്ങൾക്ക് ISO സർട്ടിഫിക്കേഷൻ | സേവനം | 0 | 100 % | ISO സർട്ടിഫിക്കേഷൻ | ഏറത്ത്ഗ്രാമപഞ്ചായത്ത് ഘടക സ്ഥാപനങ്ങളെ ISO നിലവാരത്തിലേക്ക് |
| 3 | സേവനം | സീറോഫയൽ പഞ്ചായത്ത് | തീർപ്പാക്കുന്ന ഫയലുകൾ | 90 | 100 % | സീറോഫയൽ പഞ്ചായത്ത് | ഫയലുകൾ കാലതാമസമില്ലാതെ തീർപ്പാക്കുക |

സ്ഥലം:

തീയതി:

ഒപ്പ്:

പേര്:

കൺവീനർ:

.......................(വർക്കിംഗ് ഗ്രൂപ്പ്)

## കാർഷിക മേഖല

ബഹുഭൂരിഭാഗം ജനങ്ങളും കൃഷി ഒരു ഉപജീവനമാർഗ്ഗമായി സ്വീകരിച്ചുവരുന്ന ഈപഞ്ചായത്ത് പ്രദേശത്ത് വയലേലകളിൽ മുൻകാലങ്ങളിൽ വർഷത്തിൽ രണ്ട് പ്രാവശ്യം കൃഷി ചെയ്തിരുന്നു. വർദ്ധിച്ച കൃഷി ചെലവ്, തൊഴിലാളികളുടെ അഭാവം കൂടുതൽ ആദായകരമായ മറ്റ് കൃഷികളുടെ ആവിർഭാവം തുടങ്ങി. കാരങ്ങളാൽ നെൽകൃഷി നിലയ്ക്കുന്നതിന് കാരണമായി. തോട്ടവിളകൾ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി വ്യാപകമായെങ്കിലും തരിശുനിലങ്ങളുടെ ദൈർഘ്യവും വർദ്ധിച്ചു.

കഴിഞ്ഞകാല പഞ്ചവത്സരപദ്ധതികളിൽ ജനകീയാസൂത്രണത്തിലൂടെ നെൽകൃഷി പുനരുദ്ധരിച്ച്, കാർഷിക പുരോഗതി ലക്ഷ്യമാക്കി വളരെയേറെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഒരറ്റത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കൃഷി ഭവൻ, പഞ്ചായത്ത് ആസ്ഥാനത്ത് തന്നെ സ്വന്തം കെട്ടിടം നിർമ്മിച്ച് പ്രവർത്തിക്കാൻ സാധിച്ചു. കൃഷിക്കാരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കപ്പെട്ടു. 1996 മുതൽ ജനകീയാസൂത്രണ പദ്ധതിയിൽ ഏകദേശം 2800 ടൺ രാസവളം നാലായിരം ടൺ ജൈവവളങ്ങൾ കീടനാശിനികൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. നടീൽ വസ്തുകകളായി പച്ചക്കറി തൈകൾ, വിത്തുകൾ, നെൽവിത്ത്, കിഴങ്ങുവർഗ്ഗ വിത്തിനങ്ങൾ, ഫലവൃക്ഷതൈകൾ, തെങ്ങുംതൈകൾ, കുരുമുളക് വള്ളികൾ തുടങ്ങിയവ സൗജന്യമായും സൗജന്യനിരക്കിലും നൽകിയിട്ടുണ്ട്. വെറ്റില കൊടി കർഷകർക്കായി വിവധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തേനിച്ച കർഷകർക്ക് കൂടും ഈച്ചയും നൽകിയിട്ടുണ്ട്.

കൃഷിക്കാർക്ക് തൊഴിലുപകരണങ്ങൾ, തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കാൻ ട്രില്ലർ, കൊയ്ത്ത് യന്ത്രം, സ്പ്രെയറുകൾ തുടങ്ങിയവയും നൽകിയിട്ടുണ്ട്. ജലസേചന സൗകര്യത്തിന്റെ ഭാഗമായി കിണർ നിർമ്മാണം, കുളം നിർമ്മാണം, നീർച്ചാലുകൾ ആഴം കൂട്ടൽ ജലസേചന പമ്പുകൾ, മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ സംരക്ഷണ മതിലുകൾ, തടയിളകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വാർഡുകളെ രണ്ട് ക്ലസ്റ്ററുകളായി തിരിച്ച് കൃഷി ഉല്പന്നങ്ങളുടെ വിപണനം സാധ്യമാക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

60 വയസ്സ് പൂർത്തിയായിട്ടുള്ള കർഷകർക്കും കർഷക തൊഴിലാളികൾക്കും പെൻഷൻ മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾക്ക് സബ്സിഡി നൽകുന്ന പദ്ധതി, പ്രകൃതിക്ഷോഭം മൂലം കൃഷിനാശം ഉണ്ടായാൽ ധനസഹായം, വിള ഇൻഷ്വറൻസ് പരിരക്ഷ പരമ്പരാഗത കൃഷി നിലനിർത്തുന്നതിനുള്ള പദ്ധതികൾ വിവിധ ഗവൺമെന്റ് ഏജൻസികൾ മുഖാന്തിരമുള്ള ബോധവത്ക്കരണം, പരിശീലനം എന്നിവ നടപ്പാക്കിവരുന്നു.

ജനകീയാസൂത്രണപദ്ധതിയുടെ ആവിർഭാവത്തോടെ ജനപങ്കാളിത്വത്തോടും സഹകരണത്തോടും കൂടിയുള്ള പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കാർഷിക മേഖലയിലും പ്രയോജനം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്.

നെൽപ്പാടങ്ങൾ നികത്തി റബ്ബർ കൃഷി ചെയ്തത് കാരണം ഭക്ഷ്യോത്പന്നങ്ങളുടെ കുറവ് ഉണ്ടായത് കൂടാതെ നീരുറവകൾ നിലയ്ക്കുന്നതിനും നീർച്ചാലുകൾ വറ്റി വരണ്ടതും കാരണം ശേഷിക്കുന്ന നെൽപ്പാടങ്ങളിൽ ആവശ്യാനുസരണം വെള്ളം ലഭിക്കാതെ കൃഷിഭൂമി തരിശ് ഇടുന്നതിനും മറ്റ് പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, വെറ്റില കൊടി കൃഷി തുടങ്ങിയ നടത്തുന്നതിന് കൂടുതൽ ദുഷ്ക്കരമായിത്തീർന്നു.

സമീപകാലത്തുണ്ടായ പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കവും കാരണം കൃഷിയും കൃഷിയിടങ്ങളും നശിച്ചത് കൂടാതെ കീടങ്ങളുടെയു കാട്ടുപന്നികളുടെയും ശല്യവും കൂടി വർദ്ധിച്ചതോടെ കൃഷി ഉപേക്ഷിക്കുന്നതിന് കർഷകർ ചിന്തിച്ചു തുടങ്ങി എങ്കിലും വിള ഇൻഷ്വറൻസ് കർഷകർക്ക് ഒരാശ്വാസമുണ്ട്.

തരിശ്ഭൂമികൾ കൃഷിയോഗ്യമാക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും ജലസേചന സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ ജലസേചന സൗകര്യം ഒരുക്കിയും പ്രകൃതി ക്ഷോഭം മൂലമോ കീടങ്ങുടെയും വന്യമൃഗങ്ങളുടെയും ആക്രമണങ്ങൾ മൂലമോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് സമയോചിത ഇടപെടലുകളിലൂടെ പരിഹാരം കാണുന്നതിന് ജനങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പരസ്പര സഹകരണത്തോടെ, നവകേരള മിഷൻ വിഭാവനം ചെയ്തിട്ടുള്ള ഹരിതകേരളം ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് ഇവിടെ ആവി ഷ്ക്കരിക്കേണ്ടത്.

**"തൊഴിൽ ചെയ്ത് ഉപജീവനം തേടാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. എല്ലാ തൊഴിലുകൾക്കും ഒരേ മൂല്യമാണുള്ളത്."**

**റസ്ക്കിൻ**

## കൃഷി

പത്തനംതിട്ട ജില്ലയുടെ പറക്കോട് ബ്ലോക്കിൽപെട്ട സ്ഥലമാണ് ഏറത്ത് ഗ്രാമപഞ്ചായത്ത്. ചെറിയകുന്നിൻ പ്രദേശങ്ങളും നിരപ്പായ സ്ഥലങ്ങൾ, വയലേലകൾ തുടങ്ങി സമ്മിശ്രമായ ഒരു ഭൂപ്രദേശമാണ് ഏറത്ത് ഗ്രാമപഞ്ചായത്ത് കൂടുതൽ ആളുകളും കൃഷി ആശ്രയിച്ച് ജീവിക്കുന്ന ഗ്രാമപ്രദേശം കൂടിയാണ്. സാംസ്കാരിക സാമൂഹിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളുടെ ജന്മസ്ഥലം കൂടിയാണ് ഏറത്ത് ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണപദ്ധതി തുടങ്ങുന്നതിന് മുമ്പ് കാർഷിക ഉല്പാദനത്തിലും ഉത്പാദനങ്ങൾ വിറ്റഴിക്കുന്നതിനും വളരെ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. കൂടാതെ നല്ലയിനം വിത്തുകളുടെയും തൈകളുടേയും അഭാവവും ഒരു വലിയ വെല്ലുവിളിയായിരുന്നു. 99 ശതമാനം ആൾക്കാരും ചെറുകിട നാമമാത്ര കർഷകരാണ്.

### കൃഷിയും ജലസേചനവും

1990-കളുടെ തുടക്കത്തിൽ കൃഷിയിടങ്ങളിലെ ഉത്പാദന ചെലവും ഉത്പന്നങ്ങളുടെ വിലയില്ലായ്മ മൂലവും കർഷകർ കൃഷിയിൽ നിന്നും ഒഴിഞ്ഞു പൊയ്കൊണ്ടിരിക്കുകയും കൂടുതൽ കൃഷിയിടങ്ങൾ തരിശ് ആയി കിടന്നിരുന്ന ഒരു അവസരത്തിലാണ് 1996-ൽ ഗവൺമെന്റ് ജനകീയാസൂത്ര പദ്ധതി ആവിഷ്ക്കരിക്കുന്നത്. കൃഷിയിടം മനസ്സിലാക്കാൻ കൃഷിക്കാരുടെ ആവശ്യം മനസ്സിലാക്കിയുള്ള പദ്ധതികൾ നടപ്പാക്കിയതുമൂലം കൂടുതൽ ആൾക്കാർ കൃഷിയിടങ്ങളിലേക്ക് വരികയും കൃഷി ഒരു വരുമാനമാർഗ്ഗമായി സ്വീകരിച്ച് കാർഷിക വൃത്തിയിൽ ഏർപ്പെട്ടുവരുന്നു.

### പഞ്ചായത്തിലെ ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ

| പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
|---|---|---|---|---|
| 1856 | 120 | 150 | 50 | 2176 |

### ഉടമസ്ഥരുടെ എണ്ണം

| 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കർ കൂടുതൽ |
|---|---|---|---|---|---|---|
| 5848 | 2155 | 1000 | 600 | 300 | 26 | 2 |

നമ്മുടെ പഞ്ചാത്തിലെ പ്രധാന കൃഷി ഇനങ്ങളെ രണ്ടായി തരം തിരിക്കാം. ഓരോ വിളയും കൃഷി ചെയ്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം ഹെക്ടറിൽ

## കാർഷിക വിളകൾ

| | |
|---|---|
| നെല്ല് | 50 ഹെക്ടർ |
| മരച്ചീനി | 100 ഹെക്ടർ |
| വാഴ | 300 ഹെക്ടർ |
| ചേന, ചേമ്പ്, പയർ | 50 ഹെക്ടർ |
| വെറ്റില | 5 ഹെക്ടർ |
| പച്ചക്കറി കൃഷി | 30 ഹെക്ടർ |
| ഫലവൃക്ഷതൈകൾ | 25 ഹെക്ടർ |

## നാണ്യ വിളകൾ

| | |
|---|---|
| റബ്ബർ | 707 ഹെക്ടർ |
| കുരുമുളക് | 30 ഹെക്ടർ |
| ഇഞ്ചി, മഞ്ഞൾ | 20 ഹെക്ടർ |
| കശുമാവ്, പ്ലാവ് | 4 ഹെക്ടർ |
| തെങ്ങ്, കമുക് | 700 ഹെക്ടർ |
| മറ്റിനങ്ങൾ | 5 ഹെക്ടർ |

## കൃഷിഭവന്റെ പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് വടക്കടത്തുകാവ് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഒരു കൃഷിഭവൻ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. 96 തൊട്ട് ജനകീയാസൂത്രണം പദ്ധതിയിൽ ഏകദേശം 2800 ടൺ രാസവളങ്ങളും, 4000 ടൺ ജൈവവളങ്ങളും നടീൽ വസ്തുക്കളായി പച്ചക്കറിതൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, നെൽകൃഷി വികസനത്തിനുള്ള സബ്സിഡികൾ (തരിശ്, എസ്. ഡി.ആർ, മണ്ണൊലിപ്പ് തടയുന്നതിന് വേണ്ടി വാട്ടർ ഷെഡ് പുതുശ്ശേരിഭാഗം, കിളിവയൽ, ചൂരക്കോട് തുടങ്ങിയ സ്ഥലങ്ങളിലും ജലസേചനത്തിനായി പമ്പ് സെറ്റ്, ജലസേചന കിണറുകൾ വെറ്റിലകൊടി പദ്ധതിക്കായിട്ട് വളങ്ങളും (രാസവളം, ജൈവവളം) കദളീശ്രീ പദ്ധതികളും വാഴകൃഷി വികസനത്തിനായിട്ടും. സമഗ്ര കിഴങ്ങ് വർഗ്ഗ പദ്ധതിയായിട്ട് സൗജന്യ നിരക്കിൽ കിഴങ്ങ് വർഗ്ഗ വിത്തിനങ്ങളും പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത വരുത്തുവാൻ തരിശ് പച്ചക്കറി കൃഷി പദ്ധതികളും നീർത്തട വികസന പദ്ധതികളും കൃഷി ചെലവ് കുറയ്ക്കുന്നതിനായിട്ട് യന്ത്രവത്ക്കരണ പദ്ധതികളും വിത്തും വളവും സൗജന്യനിരക്കിലും വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കാനായി ക്ലസ്റ്റർ വിപണികൾ ആഴ്ച ചന്തകൾ, താങ്ങ് വില പ്രഖ്യാപനങ്ങളിൽകൂടി കൃഷി ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുവാനും ജലസേചന സൗകര്യങ്ങൾക്കായി തോടുകളുടെ ആഴം വർദ്ധിപ്പിക്കൽ വീതികൂട്ടൽ പദ്ധതികളും നെൽകൃഷി പ്രോത്സാഹനത്തിനായി സപ്ലൈക്കോ മുതലായ ഗവൺമെന്റ് ഏജൻസികളിൽ കൂടി ന്യായവില ലഭ്യമാക്കുന്നതിനോടൊപ്പം തരിശ് കൃഷിക്കായിട്ട് ഉല്പാദന ചിലവ് പൂർണ്ണമായിട്ടും സബ്സിഡി നിരക്കിൽ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതികളും പ്രകൃതിക്ഷോഭം മൂലം കൃഷി നഷ്ടപ്പെട്ടാൽ അർഹമായ നഷ്ട പരിഹാരവും ലഭ്യമാക്കുന്നുണ്ട്. 60 വർഷം പൂർത്തിയായവർക്ക് കർഷക തൊഴിലാളി പെൻഷൻ, കർഷക പെൻഷനും യുവാക്കൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതികളും ചെറുകിട സംരംഭങ്ങൾക്കുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുള്ള സബ്സിഡികളും പുതിയ പദ്ധതികളായ ഭാരിത പ്രകൃതി കൃഷി പദ്ധതി, ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാനായിട്ട് പരമ്പരാഗത കൃഷിയെ നിലനിർത്താനായിട്ട്, പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും ഉറപ്പാക്കുന്നുണ്ട്. കൂടാതെ സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ എ.റ്റി.എം.എ. പദ്ധതികളും കേന്ദ്രഗവൺമെന്റ് പ്രധാനമന്ത്രി കിസാൻ യോജന (പി.എം. കിസാൻ) കർഷകർക്ക് വിദഗ്ധ പരിശീലനവും കാലാകാലങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള വിത്തുൽപ്പാദന വിതരണവും ഒരു കോടി ഫലവൃക്ഷതൈ വിതരണങ്ങളും, അത്യുത്പാദനശേഷിയുള്ള കുരുമുളക് തൈ വിതരണം കാർഷിക സർവ്വകലാശാല പുതിയതായി വികസിപ്പിക്കുന്ന തൈകൾ കൃഷിഭവനിൽകൂടി പെട്ടെന്ന് കർഷകരിലേക്ക് കാർഷിക വൃത്തിമൂലം കുടുംബത്തിൽ സാമ്പത്തിക സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതികളും വിഷരഹിതമായ പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുന്നതിലും കൃഷിഭവൻ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. കർഷകർക്ക് ഗുണമേന്മയുള്ള വളം ലഭിക്കുന്നതിനുവേണ്ടി ഡിപ്പോയിൽ ലൈസൻസ് നൽകുകയും കാലാകാലങ്ങളിൽ വളം പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കർഷക ക്ഷേമനിധിയിൽ അംഗമാകുന്നവർക്ക് അപ്രൂവൽ കൊടുക്കുകയും തുടങ്ങിയവയാണ് കൃഷിഭവനിൽ നിന്നും സേവനം ലഭിക്കുന്നത്.

## വിപണികൾ

നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ വി.എഫ്.പി.സി.കെ. വിപണി ഏറത്ത് ക്ലസ്റ്റർ വിപണി, ഏറത്ത് ആഴ്ച ചന്ത വിപണി എന്നിവയിൽകൂടിയും മണക്കാല, കടമ്പനാട്, പറക്കോട്, വടക്കടത്തുകാവ് ജംഗ്ഷൻ, നെല്ലിമുകൾ, അടൂർ എന്നീ മാർക്കറ്റുകളിൽ കൂടിയും ഇവിടുത്തെ കാർഷിക വിഭവങ്ങൾ വിറ്റഴിക്കുന്നുണ്ട്.

## പ്രധാന കൃഷികൾ

### 1. നെൽകൃഷി

കണക്കുകൾ പരിശോധിക്കുമ്പോൾ കാലാകാലങ്ങളിൽ നിലംനികത്തലും പണകോരിയുള്ള മറ്റ് കൃഷികൾ മൂലവും നെൽകൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞുവന്നിട്ടുണ്ട്. എങ്കിലും 2008-ലെ ഡാറ്റാബാങ്ക് നിയമപ്രകാരം നിലം മറ്റ് കൃഷികൾക്ക് ഉപയോഗിക്കുന്നതിനും നിലം നികത്തുന്നതിനും തടസ്സം നേരിട്ടതിനാലും 50 ഹെക്ടറിൽ നെൽകൃഷി എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ തരിശുനില കൃഷി പദ്ധതിയും കൂടാതെ പി ഡിപ്പാർട്ടുമെന്റ്, റൈസ് ഡെവലപ്മെന്റ് സ്കീമുകളുടെയും ഫലമായി അത്യുല്പ്പാദന ശേഷിയുള്ള ഉമ നെൽവിത്തിനും കൂടാതെ മൂപ്പ് കുറവുള്ള മനുരക്ന തുടങ്ങി പരമ്പരാഗത വിത്തിനങ്ങളായ രക്തശാലി, ഞവര തുടങ്ങിയ വിത്തിനങ്ങളും കൃഷി ചെയ്തുവരുന്നു. 70 ഹെക്ടർ സ്ഥലം (പാടശേഖരം) മറ്റുകൃഷികൾക്കായി ഉപയോഗിക്കുന്നു.

### നിർദ്ദേശങ്ങൾ

പലപാടങ്ങളിലും പ്ലാനിൽ ഇല്ലാതെയുള്ള പാടത്തിന് കുറുകെയുള്ള റോഡ് നിർമ്മാണവുംമൂലം വെള്ളക്കെട്ടുകളും ട്രാക്ടർ ഇറങ്ങുന്നതിനുള്ള ബുദ്ധിമുട്ടുകളും നിലവിലുണ്ട്. ഇതിന് പരിഹാരമായി കലുങ്ക് നിർമ്മാണവും ട്രാക്ടർ ചാലുകളും വെള്ളം തടസ്സമില്ലാതെ ഒഴുകിപ്പോകുന്നതിനും തോടുകളും നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. കൊയ്ത്ത് മെതിയെന്ത്രങ്ങൾ ഇറങ്ങുവാൻ വേണ്ടുന്ന സൗകര്യങ്ങളും ഒരുക്കേണ്ടതാണ്. പാടശേഖര സമിതികൾക്ക് ട്രാക്ടർ, ട്രില്ലറുകളും സൗജന്യനിരക്കിൽ നൽകുക. എല്ലാ തരിശ് രഹിത നെൽകൃഷി ചെയ്യുവാൻവേണ്ട വാർഡ് തല സമിതികൾ രൂപീകരിക്കുക. കാലാകാലങ്ങളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം മൂലം കെട്ടിക്കിടക്കുന്ന വെള്ളം പെട്ടെന്ന് ഒഴുകി മാറത്തക്കവിധം തോടുകൾ ക്രമപ്പെടുത്തുകയും പമ്പ് ഹൗസുകൾ സ്ഥാപിക്കുകയും ചെയ്യുക. നിലങ്ങളിൽ പണകോരി മറ്റ് കൃഷികൾ ചെയ്യുന്നത് നിയന്ത്രിക്കുവാനുള്ള നടപടികളും സ്വീകരിക്കണം. യുവാക്കളെ കാർഷിക വൃത്തിയിൽ ആകർഷിക്കാൻവേണ്ട പ്രോത്സാഹന പരിപാടികൾ നടപ്പിലാക്കുക. വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള നഷ്ടപരിഹാരം കാലതാമസം കൂടാതെ ലഭ്യമാക്കുക. നാടൻ വിത്തുകളുടെ നിലനിൽപ്പിന് ആവശ്യമായിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുക.

## 2. റബ്ബർ

നമ്മുടെ പഞ്ചായത്തിലെ കൃഷിഭൂമിയുടെ 707 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തുവരുന്നുണ്ട്. ജോലിക്കൂലി വർദ്ധനവും ജോലിക്കാരുടെ അഭാവവും മൂലവുമാണ് കൂടുതൽ ആൾക്കാർ റബ്ബർ കൃഷിയിലേക്ക് തിരിഞ്ഞത്. എങ്കിലും ഇപ്പോൾ റബ്ബർ ഉല്പാദന ങ്ങളുടെ വിലക്കുറവ് മൂലം റബ്ബർ കൃഷിയിൽ നിന്ന് വാഴ തുടങ്ങിയ മറ്റ് കൃഷിയിലേക്ക് തിരിഞ്ഞുവരുന്നു എന്നുള്ളത് ആശ്വാസകരമാണ്.

### നിർദ്ദേശങ്ങൾ

റബ്ബറിന്റെ ഇടയിലെ കാട് തെളിയിക്കാത്തതുമൂലം പന്നി, കുരങ്ങ് തുടങ്ങിയ വന്യമൃഗങ്ങൾ റബ്ബറിടങ്ങളിൽ താമസിക്കുകയും അത് മറ്റുള്ള കൃഷികളെ നശിപ്പിക്കുവാൻ കാരണമാകുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ റബ്ബറിന്റെ ഇടയിലെ കാട് തെളിയിക്കാൻ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിക്കുകയും അതുവഴി വന്യജീവികളുടെ ആവാസ വ്യവസ്ഥിതിയെയും നശിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇതിനെ അതാത് വാർഡ് മെമ്പർമാർ നേതൃത്വം നൽകേണ്ടതാണ്. പാടശേഖരങ്ങൾ പണകോരി റബ്ബർ വയ്ക്കുന്ന പ്രവണത പൂർണ്ണമായും നിർത്തലാക്കണം.

## 3. മരച്ചീനി

കാർഷിക മേഖലയിൽ നിന്ന് വളരെ വേഗം അപ്രത്യക്ഷമായിക്കൊണ്ടിരുന്ന മരച്ചീനി കാലാകാലങ്ങളിൽ ഉള്ള 1996-ന് ശേഷം ഉള്ള ജനകീയാസൂത്രണപദ്ധതിപ്രകാരം കിഴങ്ങ് വർഗ്ഗങ്ങളുടെ പ്രോത്സാഹനം മൂലവും വിപണികളുടെ സാധ്യതമൂലവും വളരെയധികം മരച്ചീനികൃഷി വ്യാപിച്ചിട്ടുണ്ട്. മാത്രമല്ല അത്യുൽപ്പാദനശേഷിയുള്ള മരച്ചീനികളുടെ വരവ് മൂലവും ഉല്പാദന ക്ഷമത ഗണ്യമായി വർദ്ധിപ്പിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കർഷകൻ ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ലഭ്യമാക്കുവാൻ ഗവൺമെന്റ് ഏജൻസികളും, പ്രാദേശിക വിപണികളും കാര്യക്ഷമമായി തന്നെ പ്രവർത്തിക്കുന്നു എന്നുള്ളത് ആശ്വാസകരമാണ്.

### നിർദ്ദേശങ്ങൾ

എലി മുതലായ ക്ഷുദ്രജീവികളുടെ ആക്രമണം തടയുന്നതിന് നല്ലയിനം എലി വിഷങ്ങളും എലിപ്പെട്ടി, എലിവില്ല് തുടങ്ങിയ ഉപകരണങ്ങളും സൗജന്യനിരക്കിലും കിട്ടുന്നുണ്ട്. കൂടാതെ സൗജന്യനിരക്കിലുള്ള വളങ്ങളും കൂടുതലായി നൽകണമെന്നുള്ള നിർദ്ദേശവും വയ്ക്കുന്നു.

## 4. തെങ്ങ്

ഒരുകാലത്ത് കേരളമാകെ നിറഞ്ഞു നിന്നിരുന്ന കൽപ്പക വൃക്ഷമായ തെങ്ങ് റബ്ബർ കൃഷിക്ക് വഴിമാറിക്കൊടുത്തു എങ്കിലും ജനകീയാസൂത്രണത്തിന്റെ വരവോടെ കൂടുതൽ ആൾക്കാർ തെങ്ങ് കൃഷിയിലേക്ക് തിരിച്ചുവരുന്ന പ്രവണതയാണ്. ഏറത്ത് ഗ്രാമപഞ്ചായത്തിൽ

ഉള്ളത്. കൂടാതെ ഗവൺമെന്റിന്റെ കേരഗ്രാമം പദ്ധതിയും നല്ലയിനം അത്യുല്പ്പാദനശേഷിയുള്ള തെങ്ങിൻതൈകളുടെ സൗജന്യനിരക്കിലുള്ള വിതരണവും മൂലം ഏകദേശം 700 ഹെക്ടർ സ്ഥലത്ത് നമ്മുടെ പഞ്ചായത്തിൽ തെങ്ങ് കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി അവയ്ക്ക് ന്യായമായ നഷ്ടപരിഹാരം നൽകുന്നതുമായ പദ്ധതികൾ നിലനിൽക്കുന്നതിനാലും തേങ്ങയ്ക്ക് ന്യായ വില ലഭ്യമാക്കുന്നതിനാലും ഇടനിലക്കാരെ ഒഴിവാക്കിയുള്ള വിപണിയുള്ളതിനാലും കൂടുതൽ ആൾക്കാർ തെങ്ങ് കൃഷിയിലേക്ക് വരുന്നത് ആശ്യാസകരമാണ്.

## നിർദ്ദേശങ്ങൾ

ഇളനീർ വിപണനം ചെയ്യുവാനുള്ള സൗകര്യങ്ങളും ഇളനീർ ധാരാളമായി ലഭ്യമാകുന്ന തെങ്ങിനങ്ങൾ തെരഞ്ഞെടുത്ത് കൃഷി ചെയ്യുവാനും അതുവഴി സ്വയം തൊഴിൽ കണ്ടെത്തുവാനും ഉള്ള പദ്ധതികൾ നടപ്പിലാക്കണം. ട്രിപ്പ് ഇറിഗേഷൻ, സ്പ്രിംങ്ളർ ഇറിഗേഷൻ തുടങ്ങിയ ഇറിഗേഷൻ സൗകര്യങ്ങൾ സൗജന്യനിരക്കിൽ അനുവദിക്കുക. തെങ്ങ് കൃഷി ചെയ്യുന്നവർക്ക് തെങ്ങിൻതടം മറ്റ് ജോലികൾക്കായി യന്ത്രവത്ക്കരണം നടപ്പാക്കാൻ ന്യായവിലയ്ക്ക് സബ്സിഡിയോടെ യന്ത്രങ്ങൾ നൽകുക. തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് വർഷാവർഷം തെങ്ങിൻമണ്ട ക്ലീൻ ചെയ്യുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക. രോഗപ്രതിരോധശേഷി കൂടിയ വിത്തിനങ്ങൾ കൂടുതലായി പ്രചരിപ്പിക്കുക. ജൈവവളങ്ങളും രാസവളങ്ങളും സൗജന്യമായി നൽകുക.

## 5. കമുക്

നമ്മുടെ പഞ്ചായത്തിലെ കമുക് കൃഷി മഹാളി രോഗത്തിന്റെ പിടിയിലായിരുന്നത് മൂലം കൂടുതൽ ആൾക്കാർ കൃഷിയിൽ നിന്ന് വിട്ടുപൊയ്ക്കൊണ്ടിരുന്ന സാഹചര്യത്തിൽ ആയിരുന്നു. ജനകീയാസൂത്രണംമൂലം അത്യുല്പ്പാദനശേഷിയുള്ള വിത്തിനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമായതുമൂലം കൂടുതൽ ആൾക്കാർ കമുക് കൃഷിയിൽ ആകർഷരായി കൂടുതൽ കൃഷി വ്യാപിക്കുവാനും നമുക്ക് സാധിച്ചു.

## നിർദ്ദേശങ്ങൾ

അടയ്ക്കായിൽ നിന്നും ഉല്പന്നങ്ങൾ ഉണ്ടാക്കാനുള്ള ടെക്നോളജി നടപ്പാക്കുക. അതുവഴി സ്വയംതൊഴിൽ വർദ്ധിപ്പിക്കുക.

## 6. വാഴ

നമ്മുടെ പഞ്ചായത്തിൽ വിവിധതരം വാഴ കൃഷികൾ കൃഷി ചെയ്തുവരുന്നു. ഇവയിൽ പ്രധാനി ഏത്തവാഴയാണ്. കൂടാതെ മറ്റിനങ്ങളായ പാളയംകോടൻ, പൊന്തൻ, പൂവൻ, ചാമ്പക്കണ്ണൻ, കദളി, ചെങ്കദളി, മൈസൂർ ഏത്തൻ എന്നിവയും കൃഷി ചെയ്യുന്നു. പുതിയ ഇനങ്ങളായ റോബസ്റ്റ കിന്റർ വാഴ എന്നിവ പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ കർഷകർ തിരഞ്ഞെടുക്കുന്നത് ഏത്തവാഴയാണ്. സ്വന്തം ഭൂമിയിലും പാട്ടഭൂമിയിലും 300 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. ന്യായവിലയ്ക്ക് കുലകൾ കൊടുക്കുവാനുള്ള സാഹചര്യം ഉള്ളതിനാലും വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുന്നതിനാലും കൂടുതൽ ആൾക്കാർ വാഴകൃഷിയിലും വരുന്നുണ്ട്.

**നിർദ്ദേശങ്ങൾ**

വൈവിധ്യമായ ഉല്പ്പന്നങ്ങൾ വാഴക്കുലയിൽ നിന്ന് ഉല്പ്പാദിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക അതിനുള്ള ലോൺ സബ്സിഡികൾ ലഭ്യമാക്കുക. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. ടിഷ്യൂകൾച്ചർ വാഴകൾ രോഗപ്രതിരോധശേഷികൂടിയ വിത്തിനങ്ങൾ കൂടുതലായിട്ട് സൗജന്യനിരക്കിൽ കർഷകരിൽ എത്തിക്കുക.

## 7. കുരുമുളക്

പാശ്ചാത്യനാടുകളിൽ പ്രിയങ്കരമായ കുരുമുളക് ഇന്ന് അന്യം നിന്നുകൊണ്ടിരിക്കുന്ന ഒരു നാണ്യവിളയാണ്. വളരെ ഉയരത്തിൽ താങ്ങ് വൃക്ഷങ്ങളിൽ പടർന്നുകയറുന്ന പഴയ ഇനങ്ങളായ കൊന്നമങ്കര, കുതിരവാലൻ, അരിമുളക് എന്നിവയും മുറ്റത്ത് ചെടിപോലെ ചട്ടിയിൽപോലും വളർത്താൻ പറ്റിയ പുതിയ ഇനങ്ങളായ പന്നിയൂർ, കരിമുണ്ട എന്നിവയും അങ്ങിങ്ങായി കൃഷി ചെയ്യുന്നു. നമ്മുടെ കർഷകർ വേണ്ടത്ര ശ്രദ്ധ ചെലുത്താത്ത ഒരു കൃഷിയാണിത്. ദ്രുതവാട്ടം പൂപ്പ് രോഗം എന്നിവയാൽ ഈ കൃഷി വളരെ വേഗം നശിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയാണ്. ജനകീയാസൂത്രണം വന്നതുമൂലം ഹൈബ്രിഡ് കുരുമുളക് തൈകളും കൂടാതെ കുറ്റിക്കുരുമുളക് തൈകളും കൂടുതൽ വന്നതിനാലും ഏകദേശം 30 ഹെക്ടർ സ്ഥലത്ത് നിലവിൽ കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു.

**നിർദ്ദേശങ്ങൾ**

എല്ലാവീടുകളിലും കൂടതൽ കുറ്റികുരുമുളക് തൈകൾ വികസനം നടപ്പിലാക്കുന്നു. ന്യായവില ഉറപ്പാക്കുന്ന പദ്ധഥികൾ നടപ്പിലാക്കുക. കുരുമുളക് ഫ്ളോട്ടുകൾക്ക് സബ്സിഡികൾ കൂടുതൽ അനുവദിക്കുക.

## 8. പച്ചക്കറി കൃഷികൾ

ജനകീയാസൂത്രണ പദ്ധതികൾ മൂലം പ്രത്യേകിച്ച് ഗ്രോബാഗ് പച്ചക്കറി പദ്ധതിമൂലം കൂടുതൽ സ്ഥലങ്ങളിൽ പച്ചക്കറി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തരിശ് പച്ചക്കറി പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം കൂടുതൽ ആൾക്കാർ പച്ചക്കറി കൃഷിയിലേക്ക് വരികയും നമുക്ക് സ്വയപര്യാപ്തതയ്ക്ക് അടുത്ത് എത്തുവാൻ സാധിച്ചിട്ടുള്ളതും ആശാവഹമാണ്. ഇതെല്ലാം സാധിച്ചത് ജനകീയാസൂത്രണപദ്ധതി മൂലമാണ്.

**നിർദ്ദേശങ്ങൾ**

1. പച്ചക്കറികൾ സൂക്ഷിച്ചുവയ്ക്കാൻ ശീതികരണ പ്ലാന്റ് സ്ഥാപിക്കുക.
2. പച്ചക്കറികളിൽ നിന്ന് മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള യൂണിറ്റ് സ്ഥാപിക്കുക.
3. മാർക്കറ്റ് ശാക്തീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുക.

**"ഒറ്റക്കു പ്രവർത്തിക്കുന്നതിനെക്കാൾ നല്ലത് മറ്റുള്ളവരോട് ചേർന്ന് പ്രവർത്തി ചെയ്യുന്നതാണ്. എന്നാൽ മറ്റുള്ളവരോട് ചേർന്ന് സകലരുടെയും നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതാണ് ഏറ്റവും ഉത്കൃഷ്ടമായട്ടുള്ളത്."**

**നെഹ്റു**

## 9. വെറ്റിലകൃഷി

ജനകീയാസൂത്രണം വന്നതിന്ശേഷം ഏകദേശം 5 ഹെക്ടർ സ്ഥലത്ത് വെറ്റിലകൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. വളം സബ്സിഡിയായും നൽകി രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ നൽകിയും തനതായ മാർക്കറ്റുകൾ ലഭ്യമാക്കിയും കൂടുതൽ സ്ഥലങ്ങളിലേക്ക് വെറ്റിലകൃഷി വ്യാപിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ പലിശ വളരെ കുറച്ച് ആവശ്യമുള്ളവർക്ക് വായ്പ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ച് വരുന്നു.

### നിർദ്ദേശങ്ങൾ

1. കൂടുതൽ മാർക്കറ്റുകൾ ലഭ്യമാക്കി കർഷകന് ന്യായവില ലഭ്യമാക്കുക.
2. ജൈവവെറ്റിലകൃഷിക്ക് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

## 10. ജലസേചനം

ജനകീയാസൂത്രണം വന്നതിനുശേഷം പല പ്രോജക്ടുകളിൽ ഉൾപ്പെടുത്തി വിവിധ തോട് തെളിക്കൽ, ആഴം കൂട്ടൽ പദ്ധതികളും നടപ്പിലാക്കിയത് ആശ്വാസകരമാണ്. എന്നിരുന്നാലും ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയും തനതായ മെയിന്റനൻസുകളും എല്ലാവർഷവും നടപ്പിലാക്കാത്തതും ഒരുപോരാഴ്മയായി നിലനിൽക്കുന്നു.

### നിർദ്ദേശങ്ങൾ

നിലങ്ങൾക്ക് നടുവിലൂടെ നിർമ്മിച്ച റോഡുകൾമൂലം ജലസേചനത്തിന് തടസ്സം ആകുന്നത് മാറ്റുന്നതിനായി ആവശ്യമുള്ളിടത്ത് കലുങ്കുകൾ നിർമ്മിക്കുക. തോടുകൾ എല്ലാവർഷവും ആഴം കൂട്ടൽ പദ്ധതികൾ നടപ്പിലാക്കുക. കെ. ഐ. പി. കനാലുമായി ബന്ധിപ്പിച്ച് പാടത്തിന്റെ മുകൾ ഭാഗം തോട് നിർമ്മിക്കുക.

## 11. ഫലവൃക്ഷതൈകൾ

ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി ഫലവൃക്ഷതൈകൾ വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ആൾക്കാർ ഫലവൃക്ഷ കൃഷിയിൽ ആകൃഷ്ടരാവുകയും കൂടുതൽ സ്ഥലങ്ങളിൽ തനതായ ഫലവൃക്ഷതൈകൾ നട്ടുപിടിപ്പുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഫലമായി കൂടുതൽ സ്ഥലങ്ങൾ തരിശ് രഹിതമാക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും വന്യമൃഗങ്ങളിൽ നിന്നുള്ള ശല്യം പ്രത്യേകിച്ച് കാട്ടുപന്നിയുടെ ശല്യം ഏറിവരുന്ന സാഹചര്യവും നിലവിൽ ഉണ്ട്.

ഫലവൃക്ഷങ്ങളിൽ നിന്ന് ലഭിക്കുന്ന ഉല്പ്പന്നങ്ങൾ കൂടുതൽ വാല്യൂ.............. യൂണിറ്റുകൾ സ്ഥാപിച്ച് കൂടുതൽ വരുമാനം കർഷകർക്ക് ആക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. വന്യമൃഗങ്ങളിൽ നിന്നുള്ള ശല്യം ഒഴിവാക്കാൻ നാട്ടിലിറങ്ങുന്ന കാട്ടുപന്നിയെ നശിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

നെൽപ്പാടങ്ങൾ നികത്തി റബ്ബർ കൃഷി ചെയ്തത് കാരണം ഭക്ഷ്യോത്പന്നങ്ങളുടെ കുറവ് ഉണ്ടായത് കൂടാതെ നീരുറവകൾ നിലയ്ക്കുന്നതിനും നീർച്ചാലുകൾ വറ്റി വരണ്ടതും കാരണം ശേഷിക്കുന്ന നെൽപ്പാടങ്ങളിൽ ആവശ്യാനുസരണം വെള്ളം ലഭിക്കാതെ കൃഷിഭൂമി തരിശ് ഇടുന്നതിനും മറ്റ് പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, വെറ്റില കൊടി കൃഷി തുടങ്ങിയ നടത്തുന്നതിന് കൂടുതൽ ദുഷ്ക്കരമായിത്തീർന്നു.

സമീപകാലത്തുണ്ടായ പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കവും കാരണം കൃഷിയും കൃഷി യിടങ്ങളും നശിച്ചത് കൂടാതെ കീടങ്ങളുടെയു കാട്ടുപന്നികളുടെയും ശല്യവും കൂടി വർദ്ധിച്ച തോടെ കൃഷി ഉപേക്ഷിക്കുന്നതിന് കർഷകർ ചിന്തിച്ചു തുടങ്ങി എങ്കിലും വിള ഇൻഷ്വറൻസ് കർഷകർക്ക് ഒരാശ്വാസമുണ്ട്.

തരിശ്ഭൂമികൾ കൃഷിയോഗ്യമാക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും ജലസേചന സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ ജലസേചന സൗകര്യം ഒരുക്കിയും പ്രകൃതിക്ഷോഭം മൂലമോ കീടങ്ങുടെയും വന്യമൃഗങ്ങളുടെയും ആക്രമണങ്ങൾ മൂലമോ ഉണ്ടാകുന്ന കഷ്ടനഷ്ട ങ്ങൾക്ക് സമയോചിത ഇടപെടലുകളിലൂടെ പരിഹാരം കാണുന്നതിന് ജനങ്ങളും ജനപ്രതിനി ധികളും ഉദ്യോഗസ്ഥരും പരസ്പര സഹകരണത്തോടെ, നവകേരള മിഷൻ വിഭാവനം ചെയ്തിട്ടുള്ള ഹരിതകേരളം ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് ഇവിടെ ആവി ഷ്ക്കരിക്കേണ്ടത്.

ഫോറം 3

# മുൻകാല മാതൃകാ/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **കൃഷിയും അനുബന്ധ മേഖലയും**

| ക്ര. ന. | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ളകാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1. | ഉല്പ്പാദന മേഖല | ഇടവിള കൃഷി വികസനം (കിഴങ്ങ്) | GEN SC | 30,000000 | കൂടുതൽ സ്ഥലങ്ങളിൽ കിഴങ്ങ് വ്യാപിപ്പിച്ചു | കൂടുതൽ ആൾക്കാർ കൃഷിയിടങ്ങളിലേക്ക് ആയി കൂടുതൽ കൃഷി വ്യാപിപ്പിച്ചു | 100% സൗജന്യമായി വിതരണം ചെയ്തു |
| 2. | ഉല്പ്പാദന മേഖല | വാഴകൃഷി വികസനം | GEN SC | 18,000000 | കൂടുതൽ സ്ഥലങ്ങളിൽ വാഴകൃഷി വ്യാപിപ്പിച്ചു | വാല്യു ആഡഡ്.... ആരംഭിക്കുവാൻ സാധിച്ചു | 100% സൗജന്യമായി വിതരണം ചെയ്തു. വിവിധയിനം വിത്തുകൾ നൽകി |
| 3. | ഉല്പ്പാദന മേഖ | പച്ചക്കറികൃഷി വികസനം | GEN | 6,000000 | കൂടുതൽ സ്ഥലങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിച്ചു | വീട്ടുകാർ, വീട്ടമ്മമാർ പച്ചക്കറികൃഷിയിലേക്ക് വന്നു | പച്ചക്കറി 55% സ്വയം പര്യാപ്തമാക്കുവാൻ സാധിച്ചു |
| 4. | ഉല്പ്പാദന മേഖല | വെറ്റിലകൃഷി വികസനം | GEN | 3,000000 | വെറ്റിലകൃഷി വ്യാപകമായി വർദ്ധിച്ചു | കൂടുതൽ ആൾക്കാർ വെറ്റില കൃഷിയിലേക്ക് വ്യാപിച്ചു | കൂടുതൽ സ്ഥലങ്ങളിൽ ആൾക്കാർക്ക് 75% സബ്സിഡി നൽകി. |
| 5. | ഉല്പ്പാദന മേഖല | തരിശ് വാഴകൃഷി വികസനം | GEN | 11,000000 | കൂടുതൽ സ്ഥലങ്ങളിൽ കൃഷി വ്യാപിച്ചു | കൂടുതൽ ആൾക്കാർ കൃഷിയിലേക്ക് വരികയും തൊഴിൽ ദിനങ്ങൾ വർദ്ധിച്ചു. | സൗജന്യമായി വിവിധയിനം വിത്തുകൾ നൽകി |
| 6. | ഉല്പ്പാദന മേഖല | തെങ്ങ്കൃഷി വികസനം | GEN | | കൂടുതൽ ആളുകൾ തെങ്ങ് കൃഷിയിലേക്ക് തിരികെ വന്നു | | |

സ്ഥലം: ഏറത്ത്
തീയതി: 17 - 01 - 2022

ഒപ്പ്:
പേര്:
കൺവീനർ:
കൃഷിയും അനുബന്ധ മേഖലയും (വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 4

# പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **കൃഷിയും അനുബന്ധ മേഖലയും**

| ക്ര. ന. | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| 1. | ഉല്പ്പാദന മേഖല | നെൽ കൃഷി വികസനം | GEN | 30,000000 | 26,000000 | കൂടുതൽ സ്ഥലങ്ങളിൽ കൃഷി ഇറക്കുവാൻ കഴിഞ്ഞു | വയലുകളിൽക്കൂടി റോഡ് വന്നതും പാടശേഖരങ്ങൾമറ്റ് കൃഷിയിടങ്ങളിലും ജലസേചനസൗകര്യമില്ല | ഡ്ധാറ്റാബാങ്കിൽ ഉള്ള ഇടങ്ങൾ പാടശേഖരങ്ങളായി മറ്റ്കൃഷി ഒഴിവാക്കുക |
| 2. | ഉല്പ്പാദന മേഖല | സുലഭം | GEN | 2,00,000 | 4,00,000 | കൂടുതൽ സ്ഥലങ്ങളിൽ സുലഭം പദ്ധതി വ്യാപിപ്പിച്ചു | പ്രോജക്ടുകൾ തുടരാതിരുന്നതിനാൽ | പ്രോജക്ടുകൾ തുടരുക |
| 3. | ഉല്പ്പാദന മേഖ | കദളിശ്രീ | GEN | 5,84,500 | 8,00,000 | കദളിശ്രീ പദ്ധതി കൂടുതൽ വ്യാപിപ്പിച്ചു | പ്രോജക്ടുകൾ തുടരാൻ സാധിക്കാത്തത് | പ്രോജക്ടുകൾ ഒന്നിടവിട്ട വർഷങ്ങളിൽ തുടരുക |
| 4. | ഉല്പ്പാദന മേഖല | വിപണി | GEN | 50,000 | 30,000 | വിപണി സ്ഥാപിക്കൽ | സ്വന്തമായി സ്ഥലം ഇല്ലാത്തതുമൂലം. | സ്വന്തമായി സ്ഥലം വിപണന സാധ്യതയുള്ളതുമായ സ്ഥലം കണ്ടെത്തുക. |

സ്ഥലം: ഏറത്ത്

തീയതി: 17 - 01 - 2022

ഒപ്:

പേര്:

കൺവീനർ:

കൃഷിയും അനുബന്ധ മേഖലയും (വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 5

# 2021-22 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **കൃഷിയും അനുബന്ധ മേഖലയും**

| ക്ര. ന. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | So/ New | GEN/ SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1. | 49 | വെറ്റിലകൃഷി വികസനം | New | ജനറൽ | 91800 | ഉല്പാദനം ഇരട്ടി | 244800 | ഉല്പാദനം ഇരട്ടി | തുടരുന്നു |
| 2. | 77 | ഗ്രോബാഗിലെ പച്ചക്കറികൃഷി | New | ജനറൽ | 255000 (340000) | 170 വീട്ടിൽ പച്ചക്കറി സ്വയം പര്യാപ്തത | 500000 | 170 വീട്ടിൽ പച്ചക്കറി സ്വയം പര്യാപ്തത | പൂർത്തീകരിച്ചു |
| 3. | 79 | സുഭിക്ഷ കേരളം തരിശ് പച്ചക്കറികൃഷി വികസനം | New | ജനറൽ | 80000 | 2 ഹെക്ടർ തരിശ് പച്ചക്കറി വികസനം | 200000 | 2 ഹെക്ടർ തരിശ് പച്ചക്കറി വികസനം | പൂർത്തീകരിച്ചു |
| 4. | 87 | തെങ്ങ് കൃഷി വികസനം | New | ജനറൽ | 455000 | 2805 തെങ്ങിൻതൈ ഉല്പാദനം വർദ്ധിച്ചു. | 2000000 | 2805 തെങ്ങിൻ തൈ ഉല്പാദനം വർദ്ധിച്ചു. | തുടരുന്നു |
| 5. | 35 | കിഴങ്ങ് വിള വികസനം | New | ജനറൽ | 676005 | 250 കർഷകർക്ക് കിഴങ്ങ് വിള വികസനം | 600000 | 250 കർഷകർക്ക് കിഴങ്ങ് വിള വികസനം | തുടരുന്നു |
| 6. | 354 | കൃഷിഭവൻ കമ്പ്യൂട്ടർ വത്ക്കരണം | New | ജനറൽ | 250000 | .............ഓഫീസ് | 100000 | .............ഓഫീസ് | തുടരുന്നു |
| 7. | 303 | വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം | New | ജനറൽ | 394444 | കൃഷിയിടം വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിച്ചു | 800000 | കൃഷിയിടം വന്യ മൃഗങ്ങളിൽ നിന്നും സംരക്ഷിച്ചു | തുടരുന്നു |

പൂർത്തീകരിച്ചു/തുടരുന്നു/പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

സ്ഥലം: ഏറത്ത്

തീയതി: 17 - 01 - 2022

ഒപ്പ്:

പേര്:

കൺവീനർ:

കൃഷിയും അനുബന്ധ മേഖലയും(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 5

# 2021-22 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **കൃഷിയും അനുബന്ധ മേഖലയും**

| ക്ര. ന. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | So/ New | GEN/ SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പ ത്തികം (രൂപ) | ഭൗതികം | |
| 1. | 53 | കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് | New | ജനറൽ | 600000 | | | | പൂർത്തീകരിച്ചു |
| 2. | 114 | വിവാഹ ധനസഹായം | New | SCP | 375000 | | | | തുടരുന്നു |
| 3. | 116 | എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി | New | SCP | 800000 | | | | തുടരുന്നു |
| 4. | 118 | വിശപ്പുരഹിത കേരളം | New | ജനറൽ | 287720 | | | | തുടരുന്നു |
| 5. | 241 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട | SO | SCP | 210000 | | | | തുടരുന്നു |

പൂർത്തീകരിച്ചു/തുടരുന്നു/പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

സ്ഥലം: ഏറത്ത്

തീയതി: 17-01-2022

ഒപ്പ്:

പേര്:

കൺവീനർ:

കൃഷിയും അനുബന്ധ മേഖലയും(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 6

# പതിനാലാം പഞ്ചവത്സര പദ്ധതി (2022-27)
# പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്ര.നമ്പർ | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത (☐ ചെയ്യുക) ലഘു തരം | ഗുരു തരം | അതീവ ഗുരു തരം | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം? തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിൽ | സർക്കാർ തലത്തിൽ | സർക്കാ രിതരതല ത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ഉല്പാദന മേഖല | വന്യമൃഗങ്ങളിൽ നിന്നുള്ള ശല്യങ്ങൾ | പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ | | | അതീവ ഗുരു തരം | വന്യമൃഗ സംരക്ഷണ നിയമം | | | വന്യമൃഗങ്ങളെ നശിപ്പിക്കുന്നതിനുള്ള നിയമം കൊണ്ടുവരിക | |
| 2. | | നെൽകൃഷി | ജലസേചന സൗകര്യങ്ങളുടെ അഭാവം | | | | തോടിന് ആഴം വർദ്ധിപ്പിക്കാത്തതുകൊണ്ട്... | തോടിന് എല്ലാ വർഷവും ആഴം വർദ്ധിപ്പിക്കാനുള്ള പദ്ധതി | | ജലസേചന സൗകര്യം വർദ്ധിപ്പിക്കാനുള്ള പരിപാടികൾ | |

തദ്ദേശഭരണസ്ഥാപത്തിന്റെ പേര് ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **കൃഷിയും അനുബന്ധ മേഖലയും**

*തദ്ദേശഭരണത്തിന്റെ അധികാരങ്ങൾ, ചുമതലകൾ, പദ്ധതി രൂപീകരണ മാർഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത, സാമ്പത്തിക ക്ഷമത, വിജയ സാദ്ധ്യത, പ്രായോഗികത, പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയും കണക്കിലെടുത്തു കൊണ്ടായിരിക്കണം സാധ്യതകൾ പരിഗണിക്കേണ്ടത്.

സ്ഥലം:

തീയതി:

ഒപ്പ്:

പേര്:

കൺവീനർ:

കൃഷിയും അനുബന്ധ മേഖലയും(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 6

# പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)
# പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്ര.നമ്പർ | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത ( ☐ ചെയ്യുക) | | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം? | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘു തരം | ഗുരു തരം | അതീവ ഗുരുതരം | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1. | സേവനം | ഓഫീസ് സൗകര്യങ്ങളുടെ അപര്യാപ്തത | കെട്ടിട സൗകര്യങ്ങളുടെ അഭാവം | | √ | | കെട്ടിട സൗകര്യങ്ങളുടെ പരിമിതി | √ | | √ | |
| 2. | സേവനം | മതിയായ ജീവനക്കാരുടെ കുറവ് | ഓഫീസ് പ്രവർത്തനങ്ങൾ | | √ | | വർദ്ധിച്ചു വരുന്ന ചുമതലകൾ | | | √ | |

തദ്ദേശഭരണസ്ഥാപത്തിന്റെ പേര് ഏറത്ത് ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: ..................................................

*തദ്ദേശഭരണത്തിന്റെ അധികാരങ്ങൾ, ചുമതലകൾ, പദ്ധതി രൂപീകരണ മാർഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത, സാമ്പത്തിക ക്ഷമത, വിജയ സാദ്ധ്യത, പ്രായോഗികത, പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയും കണക്കിലെടുത്തു കൊണ്ടായിരിക്കണം സാധ്യതകൾ പരിഗണിക്കേണ്ടത്.

സ്ഥലം:

തീയതി:

ഒപ്പ്:

പേര്:

കൺവീനർ:

......................................................(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 7

# വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണസ്ഥാപത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **കൃഷിയും അനുബന്ധ മേഖലയും**

| ക്ര. ന. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032 -ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതി | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ഉല്പാദന മേഖല | തരിശ് രഹിത പഞ്ചായത്ത് | | 50 ഹെക്ടർ തരിശ് സ്ഥലങ്ങൾ ഉണ്ട് | തരിശ് രഹിത പഞ്ചായത്ത് പാടശേഖരത്തിൽകൂടി റോഡ് വെട്ടുമ്പോൾ പാടശേഖരസമിതിയുടെ സാന്നിദ്ധ്യത്തില വന്യമൃഗങ്ങളിൽ നിന്നുള്ള ശല്യത്തിന് ഫലപ്രദമായ നടപടി | തരിശ് രഹിത പഞ്ചായത്ത് എല്ലായിടത്തും ജലസേചന സൗകര്യം ഉണ്ടാക്കുക. | സീസൺ അനുലരിച്ചുള്ള പ്രോജക്ടുകൾ വയ്ക്കുക. അത് കറക്ട് സമയത്ത് തുടങ്ങുക.പാടശേഖരങ്ങൾ ക്രോസ് ചെയ്ത് റോഡ്. ജനസേചന സൗകര്യത്തിന് തടസ്സമില്ലാതാക്കുക |

സ്ഥലം:

തീയതി:

ഒപ്പ്:

പേര്:

കൺവീനർ:

......................(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 7

# വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണസ്ഥാപത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **കൃഷിയും അനുബന്ധ മേഖലയും**

| ക്ര. ന. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032 -ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1. | | പട്ടികജാതിക്കാരുടെ കൃഷിയോഗ്യമായ സ്ഥലങ്ങളിലെ മണ്ണ്, ജലം ഇവ സംരക്ഷിക്കുന്നതിന് വസ്തുവിന്റെ അതിര്, കല്ല് കെട്ടി നിർമ്മിച്ച് സംരക്ഷിക്കുക | | | | | |
| 2. | | മുരുകൻകുന്ന് കോളനിയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച 65 ലക്ഷത്തോളം തുക മുടക്കി നിർമ്മിച്ച കെട്ടിടത്തിന് കറണ്ട്, കിണർ എന്നിവ ഇല്ലാത്തതിനാൽ ഉപയോഗ പ്രദമാകത്തക്കരീതിയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | | | | |

സ്ഥലം:

തീയതി:

ഒപ്പ്:

പേര്:

കൺവീനർ:

.......................(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 7

# വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണസ്ഥാപത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **കൃഷിയും അനുബന്ധ മേഖലയും**

| ക്ര. ന. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032 -ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | സേവനം | പദ്ധതി തുക 100% ചെലവഴിക്കുക | ചെലവ് ശതമാനം | 77% | 100% ചെലവ് | പദ്ധതി ചെലവ് 100% | മികച്ച പദ്ധതി ആസൂത്രണവും നിർവ്വഹണവും |
| 2. | സേവനം | ഏറത്ത് പഞ്ചായത്ത് ഘടക സ്ഥാപങ്ങൾക്ക് 150 സർട്ടിഫിക്കേഷൻ | സേവനം | 0 | 100% | പദ്ധതി ചെലവ് സർട്ടിഫിക്കേഷൻ | ഏറത്ത് ഗ്രാമപഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളുടെ 150 നിലവാരത്തിലേക്ക് ഉയർത്തുക |
| 3. | സേവനം | സീറോ ഫയൽ പഞ്ചായത്ത് സ്ഥാപങ്ങൾക്ക് 150 സർട്ടിഫിക്കേഷൻ | തീർപ്പാക്കുന്ന ഫയലുകൾ | 90 | 100% | സീറോ ഫയൽ പഞ്ചായത്ത് | ഫയലുകൾ കാലതാമസമില്ലാതെ തീർപ്പാക്കുക |

സ്ഥലം:
തീയതി:

ഒപ്പ്:
പേര്:
കൺവീനർ:
.......................(വർക്കിംഗ് ഗ്രൂപ്പ്)

## ഉപസംഹാരം

1996-ന്ശേഷം ജനകീയാസൂത്രണ പദ്ധതി വന്നതുമൂലം കർഷകർക്ക് വളരെ പ്രയോജനപ്രദമായിരുന്നു. അമിതമായ വളത്തിന്റെ വിലയും, അമിതമായ കൂലിയും മൂലം നട്ടം തിരിഞ്ഞിരുന്ന കർഷകർക്ക് വളരെ പ്രയോജനപ്രദമായിരുന്നു. തന്മൂലം കൂടുതൽ ആൾക്കാർ കൃഷിയിലേക്ക് വരികയും കൃഷി ഒരു ഉപജീവന മാർഗ്ഗമായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളതാണ്. വിള ഇൻഷ്വറൻസ് മുതലായ പദ്ധതികൾ മൂലം പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചാലും കർഷകൻ ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നതിനാലും കർഷകന് വളരെ ആശ്വാസകര മാണ്. 1996-ന് മുൻപ് കൃഷിയിൽ നിന്നും ആൾക്കാർ മടിച്ചുനിന്ന സമയത്ത് ജനകീയാസൂത്രണം വന്നതിനാൽ കർഷകർക്ക് അവന്റെ ഉല്പന്നങ്ങൾ വിറ്റഴിക്കു വാനും ന്യായവില ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ ഒരുപാട് തൊഴില സംരംഭങ്ങൾ ആരംഭിക്കുവാനും ഒരു പരിധിവരെ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കാതെ കൃഷി ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് എടുക്കുവാനും നമുക്ക് സാധിച്ചിട്ടു ള്ളത് അഭിമാനകരമാണ്. എന്നിരുന്നാൽ തന്നെയും ലക്ഷ്യപ്രാപ്തിയിൽ എത്തുവാൻ കുറച്ച് ദൂരം കൂടി നമ്മൾ താണ്ടേണ്ടതുണ്ട്. മുകളിൽ സൂചിപ്പിച്ചുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ വരും നാളുകളിലെ ജനകീയാസൂത്രണത്തിന് കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു.

## മൃഗസംരക്ഷണ മേഖല

ഏറത്ത് ഗ്രാമപഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. ജനകീയാസൂത്രണത്തിനു മുമ്പ് തന്നെ എല്ലാവീടുകളിലും വളർത്തു മൃഗങ്ങൾ സാധാരണയായിരുന്നു. കൃഷിയ്ക്കും അതിന്റെ അനുബന്ധമായ കാലിവളർത്തലും ഈ പ്രദേശത്തിന്റെ സമ്പദ്ഘടനയിൽ വളരെയേറെ മാറ്റങ്ങൾ ഉണ്ടായിരുന്നു. ആ കാലഘട്ടത്തിൽ കോഴി, പശു, ആട് എന്നി വളർത്തുമൃഗങ്ങളും, വണ്ടിക്കാളകളും, കാളവണ്ടിയും ഉഴവുകാളകളും സുലഭമായിരുന്നു. കാളവണ്ടിയുടെ നാട്ടിലെങ്ങും കാണാനില്ലാത്ത സ്ഥിതിയാണ്.

വർഷങ്ങൾക്ക് മുമ്പുവരെ വിശാലമായ നെൽപ്പാടങ്ങളെല്ലാം നെൽകൃഷി ചെയ്തിരുന്നതു കൊണ്ട് കന്നുകാലികൾക്ക് തീറ്റക്കാവശ്യമായ വൈക്കോൽ ലഭിച്ചിരുന്നതിനാൽ മൃഗങ്ങളുടെ ആഹാരത്തിനും സംരക്ഷണത്തിനും ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നില്ല. മനുഷ്യരും വളർത്തുമൃഗങ്ങളും തമ്മിലുള്ള ബന്ധം സുദൃഢമായിരുന്നു. പല കുടുംബങ്ങളുടേയും സാമ്പത്തിക അടിത്തറ തന്നെ കന്നുകാലി വളർത്തലിൽ നിന്നുള്ള വരുമാനം ആയിരുന്നു. ജനസംഖ്യ ഇന്നത്തേക്കാൾ കുറവായതുകൊണ്ട് കന്നുകാലികൾക്ക് ആവശ്യമായ മേച്ചിൽ സ്ഥലങ്ങളും ലഭ്യമായിരുന്നു.

ജനകീയാസൂത്രണത്തിനു മുൻപ് മൃഗാശുപത്രി വടക്കടത്തുകാവിൽ വാടക കെട്ടിടത്തിൽ ആണ് പ്രവർത്തിച്ചിരുന്നത്. അതിനൊപ്പം തന്നെ വയലാ, ചൂരക്കോട്, മണക്കാല എന്നീ പ്രദേശങ്ങളിൽ സബ് സെന്ററുകൾ ഉണ്ടായിരുന്നു. ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടപ്രവർത്തനത്തിൽ ഉൾപ്പെടുത്തി വടക്കടത്തുകാവിൽ തന്നെ പഞ്ചായത്ത് സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിച്ചു പ്രവർത്തനം ആരംഭിച്ചു. പിന്നീട് വയലായിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടായി. ചുരക്കോട് അന്തിച്ചിറ എന്നീ പ്രദേശത്ത് സബ് സെന്ററുകൾ ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

വടക്കടത്തുകാവിലും വയലായിലും ഓരോ ഡോക്ടറും, ഓരോ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു സ്വീപ്പറുമാണ് ഉള്ളത്. ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടത്തിൽ തന്നെ ഏറത്തു ഗ്രാമപഞ്ചായത്തിൽ ആടിനെ വളർത്തൽ മേഖലയ്ക്ക് ആരംഭം കുറിച്ചു. ആടുവളർത്തൽ മേഖല ഇപ്പോഴും കർഷകർക്ക് താല്പര്യം ഉള്ള ഒന്നായി തുടരുന്നു. ജനകീയാസൂത്രണത്തിന്റെ 2-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി കിടാരി വളർത്തൽ പദ്ധതിയ്ക്കും തുടക്കം കുറിച്ചു. പശുവിനെ വളർത്തി ഉപജീവനമാർഗ്ഗവും പാലുല്പാദനം വർദ്ധിപ്പിക്കുന്ന തിനുമായി ഗ്രാമത്തിലെ കർഷകർക്ക് കേരളത്തിന് പുറത്ത് നിന്നും പശുകിടാവിന് വാങ്ങി നൽകുന്ന പദ്ധതി ആരംഭിച്ചു.

ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടത്തിൽ തികച്ചും ഗ്രാമീണമായും കാർഷിക മേഖലയ്ക്ക് ആധിപത്യമുണ്ടായിരുന്ന ഈ പ്രദേശം ഇന്ന് നഗരവല്ക്കരണത്തിന്റെ പാതയിലാണ്. മൃഗസംരക്ഷണമേഖലയും, ക്ഷീരവികസനവും ഇന്ന് ഈ മേഖല പല പ്രതിസന്ധികളും നേരിടുന്നു. ജനസംഖ്യാ വർദ്ധനവിനോടുകൂടി വിശാലമായ കൃഷി സ്ഥലങ്ങളും, നെൽവയലുകളും തുണ്ടുഭൂമികളായിമാറി. കൂടാതെ വയലുകളുടെ വിസ്തീർണ്ണം

കുറഞ്ഞത് വൈക്കോൽ കുറയുന്നതിന് ഇടയാക്കി. കൃഷിയിലുണ്ടായ തകർച്ച കന്നുകാലി കർഷകർക്ക് വലിയ തീറ്റപ്രശ്നം സൃഷ്ടിച്ചു. കാലിതീറ്റയുടെ വിലക്കൂടുതലും അവർക്ക് വലിയ ആഘാതമായി മാറി. ഇത്തിരി തുണ്ടുഭൂമിയുടെ അതിർത്തിക്കുള്ളിൽ കന്നുകാലി വളർത്തലും കോഴി, താറാവ് എന്നിവയെ വളർത്തുന്നതും ദുഷ്കരമായി മാറി കർഷകർക്ക്.

9-ാം പഞ്ചവത്സര പദ്ധതിയിൽ കന്നുകാലി കർഷകർക്ക് ആശ്വാസമായി കാലിത്തീറ്റ സബ്സിഡി നൽകുന്നു. പശു, ആട്, കിടാരി, കോഴി, താറാവ് എന്നിവയ്ക്ക് അർഹമായ കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കാലിത്തൊഴുത്ത് നിർമ്മാണം, കാലിതൊഴുത്ത് നവീകരണം എന്നീ പ്രവർത്തനങ്ങൾക്ക് ഒക്കെ ധനസഹായം നൽകുന്നു. ഇത് കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ പല സ്കീമുകളും ഉൾപ്പെടുന്ന വിവിധ ആനുകൂല്യങ്ങളും മൃഗാശുപത്രികൾ മുഖേന അർഹരായവർക്ക് ലഭ്യമാക്കുന്നു. ഏറത്ത് ഗ്രാമപഞ്ചായത്തിൽ അന്തിച്ചിറ എന്നീ കേന്ദ്രങ്ങളിൽ രണ്ട് ക്ഷീര സംഘങ്ങളും വടക്കടത്തുകാവിൽ ഒരു ഉപകേന്ദ്രവും പ്രവർത്തിക്കുന്നത് കന്നുകാലി കർഷകർക്ക് വളരെ സഹായമാണ്. രണ്ട് മൃഗാശുപത്രികളുടേയും നേതൃത്വത്തിൽ കർഷകർക്ക് പശുക്കളെ വാങ്ങാനുള്ള വായ്പാ സംവിധാനങ്ങൾ ബാങ്കുകളിൽ നിന്നും ലഭ്യമാക്കുന്നു. കന്നുകാലികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത് (48 എണ്ണം), ആട്ടിൻകൂട് (35 എണ്ണം), കോഴിക്കൂട് (46 എണ്ണം) എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

കുറഞ്ഞ അധ്വാനത്തിൽ കൂടുതൽ വരുമാനം ലഭിക്കുന്ന പല തൊഴിൽ മേഖലകളും നമ്മുടെ പ്രദേശങ്ങളിലേക്ക് കടന്നുവന്നതും രാജ്യത്തിന് അകത്തും പുറത്തും സുലഭമായ തൊഴിൽ സൗകര്യങ്ങളും കന്നുകാലി വളർത്തലിൽ നിന്നും കർഷകരെ പിൻവാങ്ങാൻ പ്രേരിപ്പിച്ചു.

ഗ്രാമപ്രദേശത്തിന് ആവശ്യമുള്ള മുട്ടയും, പാലും, ഇറച്ചിയും ഉല്പാദിപ്പിക്കുന്ന എന്ന ലക്ഷ്യത്തോടെ മൃഗസംരക്ഷണം ഒരു തൊഴിലായി സ്വീകരിച്ചവർ നാമമാത്രമായി മാറി. കറവപ്പശു വളർത്തൽ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ ചെയ്യുന്ന വളരെക്കുറച്ച് കർഷകർ മാത്രം പ്രവർത്തിക്കുന്ന ഒരു മേഖലയായി മാറിക്കഴിഞ്ഞു. കാലിത്തീറ്റയുടെ അതിമമായ വില വർദ്ധനവ് തീറ്റപ്പുല്ലിന്റെ ദൗർലഭ്യം മൃഗസംരക്ഷണത്തിനുള്ള ചികിത്സാ സൗകര്യങ്ങളുടെ അഭാവം മെച്ചപ്പെട്ട കാലിത്തൊഴുത്തിന്റെ അപര്യാപ്തതയും ഈ മേഖലയിലെ പ്രവർത്തനത്തെ സാരമായി ബാധിച്ചു.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി ചെറിയ തോതിലുള്ള അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതി ആരംഭിച്ചു. ഗാർഹിക തലത്തിലുള്ള മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിച്ചതിലൂടെ ആ രംഗത്തുണ്ടായ മുന്നേറ്റം നിലനിർത്തി കുടുംബശ്രീ വഴിയും ഈ പദ്ധതി തുടരുകയാണ്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായിട്ട് ഈ മുട്ടക്കോഴി വളർത്തൽ പദ്ധതിക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആരംഭിച്ചതോടെ കുടുംബങ്ങളിലും

വിപണനത്തിനായും മുട്ട ഉല്പ്പാദനം വർദ്ധിച്ചിട്ടുള്ളതായിട്ടാണ്. അതുകൊണ്ട് മുട്ടക്കോഴി വളർത്തൽ പദ്ധതി ശാസ്ത്രീയമായ രീതിയിലുള്ള പദ്ധതികളും, പരിശീലനങ്ങളും സാമ്പത്തിക സഹായവും പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിക്കേണ്ടതാണ്.

മാംസോത്പാദന രംഗത്ത് നാം ഇപ്പോഴും വളരെ പിന്നിലാണ്. ഈ പിന്നോക്കാവസ്ഥ പരിഹരിക്കുന്നനായി ആട്, കോഴി, താറാവ്, പോത്തുകുട്ടി തുടങ്ങിയ പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇങ്ങനെ വളർത്തുന്ന മൃഗങ്ങളുടെ വിപണനത്തിനായുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ ഒരുക്കേണ്ടതും ആവശ്യമാണ്. ആധുനിക രീതിയിലുള്ള കശാപ്പുശാല പഞ്ചായത്തു തലത്തിൽ സജ്ജീകരിക്കുകയും ചെയ്യേണ്ടതാണ്.

നായ, പൂച്ച എന്നിവയെ വളർത്തുന്നവർ കൃത്യമായും തങ്ങളുടെ വളർത്തു മൃഗങ്ങൾക്ക് നിർബന്ധിത പേ വിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തേണ്ടത് ആവശ്യമാണ്. ഇവയെ വളർത്തുന്നവർക്ക് ലൈസൻസി സമ്പ്രദായം ശക്തമാക്കുന്നതിലൂടെ ഉറപ്പാക്കേണ്ടതും അതുവഴി ഉപേക്ഷിക്കപ്പെടുന്ന വളർത്തു നായ്ക്കൾ തെരുവുമൃഗങ്ങളായി മാറുന്ന അവസ്ഥ നിയന്ത്രിക്കേണ്ടതാണ്. ഇന്ന് നിലവിലിരിക്കുന്ന നിയമം അനുസരിച്ച് അലഞ്ഞു തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ പറ്റാത്തതുകൊണ്ട് പേ വിഷ ബാധയുള്ള നായ്ക്കൾ ജനങ്ങളുടെ ജീവനുതന്നെ ഭീഷണി ആയിരിക്കുകയാണ്.

1997-ൽ മൃഗസംരക്ഷണ മേഖലയിൽ പശു, എരുമ തുടങ്ങിയ വളർത്തു മൃഗങ്ങളുടെ എണ്ണം 3192 ആയിരുന്നത് ഇന്ന് 1303 ആയി ചുരുങ്ങിയിട്ടുണ്ട്. നാടൻ തനത് ജനുസുകൾ തീരെ കുറഞ്ഞു. എന്നാൽ പാൽ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. ആടുകളുടെ എണ്ണം 1713-ൽ നിന്ന് 1472-ലേക്ക് ചുരുങ്ങി. വളർത്തു പക്ഷികളുടെ എണ്ണത്തിൽ എടുത്തുപറയേണ്ട വർദ്ധനവുണ്ട്. 13981-ൽ നിന്ന് 21052 ആയി വർദ്ധിച്ചു. ഓമന മൃഗങ്ങളുടെ എണ്ണത്തിന് വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഈ കണക്കുകൾ പരിശോധിക്കുമ്പോൾ ചില കാര്യങ്ങൾ വ്യക്തമാണ്. മൃഗസംരക്ഷണ മേഖലയ്ക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങളും, ആധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങളും മൃഗങ്ങളെ വാങ്ങിക്കുന്നതിനുള്ള സാമ്പത്തിക സഹായം, വിപണനത്തിനായുള്ള സൗകര്യം ദീർഘവീക്ഷണത്തോടുകൂടിയതുമായ ക്ഷീരകർഷകർക്ക് ആവശ്യമായ പദ്ധതികൽ നടപ്പിലാക്കേണ്ടത് ആവശ്യമാണ്.

## I. ക്ഷീരമേഖല അഭിമുഖീകരിക്കുന്ന സുപ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വർദ്ധിച്ചുവരുന്ന വിലവർദ്ധനവ്
2. കാലിത്തീറ്റയെ പ്രതിരോധിക്കാൻ കഴിയുന്ന തീറ്റപ്പുല്ലിന്റെ ദൗർലഭ്യം.
3. കറവപ്പശുക്കൾക്കും കിടാരികൾക്കും പശുക്കിടാവിനും സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള തീറ്റ ലഭിക്കുന്നില്ല.
4. പശുവിന്റെ വിലയിലുള്ള വർദ്ധനവ്
5. കറവപ്പശു വളർത്തലിൽ തല്പരരായ കർഷകർക്ക് ആവശ്യമായ പരിശീലനം ലഭിക്കുന്നില്ല.

6. നല്ലയിനം പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം ലഭിക്കുന്നില്ല.
7. നല്ലയിനം പശുക്കുട്ടികളെയും എരുമക്കുട്ടികളെയും, കറവ പശുക്കളെയും ലഭിക്കുന്ന അംഗീകൃത ഏജൻസികളുടെ അപര്യാപ്തത.
8. പശുക്കറവയ്ക്ക് ആവശ്യമുള്ള ആൾക്കാരെ കിട്ടാനുള്ള ബുദ്ധിമുട്ട്.
9. കർഷകർ ഉരുക്കളെ ഇൻഷ്വർ ചെയ്യാത്തതിനാൽ രോഗം വന്ന് ഉരുക്കൽ നഷ്ടപ്പെട്ട് പോകുമ്പോൾ ഉണ്ടാകുന്ന ഭീമമായ നഷ്ടം.
10. മൃഗസംരക്ഷണത്തിലുള്ള ചികിത്സാ സൗകര്യങ്ങളുടെ അഭാവം
11. ഉല്പാദിപ്പിക്കപ്പെടുന്ന പാലിന് മികച്ച പ്രതിഫലം കിട്ടുന്നില്ല.
12. മെച്ചപ്പെട്ട കാലിത്തൊഴുത്തിന്റെ അപര്യാപ്ത.
13. പട്ടിയെ വളർത്തുന്നവർ പേപ്പട്ടി വിഷത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നടത്താതിരിക്കുന്നതുമൂലമുള്ള പേ വിഷ ഭീഷണി.

ഇതേ പ്രശ്നങ്ങൾക്കുള്ള സമാഗമായ ഒരു പരിഹാര നടപടി നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ട് അതിന്റെ ഫലപ്രാപ്തി പൂർണ്ണതോതിലെത്താത്തതുകൊണ്ടോ ഇതേ പ്രശ്നങ്ങൾ ഏറിയും കുറഞ്ഞുമുള്ള അളവിൽ ഇന്നും നിലനിൽക്കുന്നു.

## II. സാധ്യതകൾ

### നിർദ്ദേശങ്ങൾ

1. എല്ലാ ക്ഷീരകർഷർക്കും കാലിത്തീറ്റ സബ്സിഡി നിരക്കില വിതരണം ചെയ്യുക.
2. കൃഷിക്ക് ഉപയോഗിക്കാത്ത പുരയിടങ്ങളും വയലുകളും ഏറ്റെടുത്ത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി തീറ്റപ്പുൽകൃഷി ആരംഭിക്കുക.
3. പശുവിനെ വാങ്ങുവാൻ സാമ്പതതിക സഹായം നൽകുക
4. കറവ പശു വളർത്തലിൽ താല്പരരായ കർഷകർക്ക് ആവശ്യമായ പരിശീലനം പഞ്ചായത്ത് തലത്തിൽ നടത്തുക.
5. പഞ്ചായത്ത് തലതതിൽ ശാസ്ത്രീയമായ രീതിയിലുള്ളതും ശുചിത്വമുള്ളതുമായ തൊഴുത്തുകൾ നിർമ്മിക്കുന്നതിന് കർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലക്ഷ്യമാക്കുക.
6. പശുവിൻപാൽ വിപണനത്തിനായുള്ള പ്രത്യേക സംവിധാനത്തിലൂടെ കൂടുതൽ തുക ലഭിക്കുന്നതിന് ആവശ്യമായ വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ കുടുംബശ്രീ വഴി ആരംഭിക്കുക.
7. 24 മണിക്കൂർ പ്രവർത്തിക്കുന്നതും സേവനം ലഭിക്കുന്ന തരത്തിൽ വാഹന സൗകര്യത്തോടു കൂടിയ ആധുനിക രീതിയിലുള്ള മൃഗ ചികിത്സാ സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തുക.
8. ഡോക്ടറുടെ സേവനം എല്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കുക.
9. കാലിവളർത്തലിനും, കോഴി വളർത്തലിനും വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

10. കൃഷി ഭവന്റെ സഹായത്തോടെ തീറ്റപ്പുൽകൃഷി ആരംഭിക്കുക.
11. മൃഗാശുപത്രികളിൽ ആവശ്യത്തിനായുള്ള മരുന്ന് എല്ലാസമയവും ഉണ്ടായിരിക്കുമെന്ന് ഉറപ്പുവരുത്തുക.
12. ആധുനിക രീതിയിലുള്ള കശാപ്പുശാല പഞ്ചായത്ത് തലത്തിൽ സജ്ജീകരിക്കുക.
13. ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടെ ക്ഷീരകർഷകർക്ക് ഉല്പാദിപ്പിക്കുന്ന പാലിന് അനുസരണമായി ഗവൺമെന്റ് മാനദണ്ഡങ്ങൾ ഉൾക്കൊണ്ട് സാമ്പത്തിക സഹായം നൽകുക.
14. കോഴി, താറാവ് എന്നിവയെ വളർത്തുന്ന കർഷകർക്ക് ശാസ്ത്രീയമായ പരിശീലനം പഞ്ചായത്ത് തലത്തിൽ നടത്തുക.
15. പഞ്ചായത്തിലെ പക്ഷി മൃഗാദികൾക്ക് ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിക്കുക.
16. പഞ്ചായത്ത് തലത്തിലും കുടുംബശ്രീ തലത്തിലും ആടുവളർത്തൽ പദ്ധതി വിപുലീ കരിക്കുക.
17. ആധുനിക രീതിയിലുള്ളതും ലബോറട്ടറി സൗകര്യമുള്ള മൃഗ ചികിത്സ ആശുപത്രിയിലായി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
18. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കൂടി സബ്സെന്ററുകൾ അനുവദിക്കുക.
19. കർഷകർ ഉരുക്കളെ ഇൻഷ്വർ ചെയ്യാത്തതിനാൽ രോഗം വന്ന് ഉരുക്കൽ നഷ്ടപ്പെട്ടു പോകുമ്പോൾ ഉണ്ടാകുന്ന ഭീമമായ നഷ്ടം വരുന്ന ക്ഷീരകർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കുക.
20. ആധുനിക രീതിയിലുള്ള കശാപ്പുശാല ഗ്രാമപഞ്ചായത്തിൽ അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

25 വർഷങ്ങൾക്ക്മുൻപ് ജനകീയാസൂത്രണത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തികച്ചും ഗ്രാമീണവും കാർഷിക മേഖലയ്ക്ക് ആധിപത്യമുണ്ടായിരുന്നതുമായ ഈ പ്രദേശം ഇന്ന് അതി ദ്രുതം നഗരവത്ക്കരണത്തിന്റെ പാതയിലാണ്. കാർഷിക അനുബന്ധ മേഖലയായ മൃഗസംരക്ഷണവും ക്ഷീരവികസനവും ഇന്ന് ചെറിയ ഇടങ്ങളിലേക്ക് ചുരുങ്ങിയിരിക്കുന്നു.

പശു, എരുമ തുടങ്ങിയ വലിയ മൃഗങ്ങളുടെ എണ്ണം 1997-ൽ 3192 ആയിരുന്നത് ഇന്ന് 1303 ആയി ചുരുങ്ങിയിട്ടുണ്ട്. നാടൻ തനത് ജനുസുകൾ തീരെക്കുറഞ്ഞു. എന്നാൽ പാൽ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. ആടുകളുടെ എണ്ണം 1713-ൽ നിന്ന് 1472-ലേക്ക് ചുരുങ്ങി. വളർത്തു പക്ഷികളുടെ എണ്ണത്തിൽ എടുത്തുപറയേണ്ട വർദ്ധനവുണ്ട്. 13981-ൽ നിന്ന് 21052 ആയി വർദ്ധിച്ചു. ഓമന മൃഗങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഈ കണക്കുകൾ പരിശോധിക്കുമ്പോൾ ചില കാര്യങ്ങൾ വ്യക്തമാണ്. കറവപ്പശു വളർത്തൽ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ ചെയ്യുന്ന വളരെക്കുറച്ച് കർഷകർ മാത്രം പ്രവർത്തിക്കുന്ന ഒരു മേഖലയായി മാറിക്കഴിഞ്ഞു. ആടുവളർത്തൽ മേഖല ഇപ്പോഴും കർഷകർക്ക് താല്പര്യമുള്ള ഒന്നായി തുടരുന്നുണ്ട്. ചെറിയ തോതിലുള്ള അടുക്കള മുറ്റത്തെ കോഴി വളർത്തൽ ശരിരായ രീതിയിൽ നടന്നുവരുന്നു. ഓമന മൃഗങ്ങളുടെ അസാമാന്യമായ വർദ്ധനവ് അവയ്ക്ക്

ആവശ്യമായ ചികിത്സാ സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും ആവശ്യപ്പെടുന്ന ഒന്നാണ്.

രണ്ടര ദശാബ്ദം മുൻപ് ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളായി തിരിച്ചറിയപ്പെട്ടവ താഴെക്കൊടുക്കുന്നു.

* കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധന, തീറ്റപ്പുല്ലിന്റെ ദൗർലഭ്യം.
* നല്ല പശുക്കളെ വാങ്ങുന്നതിനുള്ള സാമ്പത്തിക പ്രയാസം
* മൃഗസംരക്ഷണത്തിനുള്ള ചികിത്സാ സൗകര്യങ്ങളുടെ അഭാവം
* മെച്ചപ്പെട്ട കാലിത്തൊഴുത്തിന്റെ അപര്യാപ്തത.
* പട്ടിയെ വളർത്തുന്നവർ പേപ്പട്ടി വിഷത്തിന് എതിരായ പ്രതിരോധ കുത്തിവയ്പ്പ് നടത്താത്ത തിനാലുള്ള പേ വിഷബാധ ഭീഷണി.

ഇതേപ്രശ്നങ്ങൽക്കുള്ള സമഗ്രമായ ഒരു പരിഹാര നടപടി നടപ്പിലാക്കാൻ കഴിയാത്തതു കൊണ്ടോ അതിന്റെ ഫലപ്രാപ്തി പൂർണ്ണതോതിൽ എത്താത്തതുകൊണ്ടോ ഇതേ പ്രശ്നങ്ങൾ ഏറിയും കുറഞ്ഞുമുള്ള അളവിൽ ഇന്നും നിലനിൽക്കുന്നു.

ക്ഷീരമേഖല അഭിമുഖീകരിക്കുന്ന സുപ്രധാന പ്രശ്നം കാലിത്തീറ്റയുടെ വർദ്ധിച്ച് വരുന്ന വിലയും, അതിനെ പ്രതിരോധിക്കാൻ കൈത്താങ്ങാവാൻ കഴിയുന്ന തീറ്റപ്പുല്ലിന്റെ ദൗർലഭ്യവുമാണ് കറവപ്പശുക്കൾക്കും കിടാരികൾക്കും പശുക്കിടാവുകൾക്കും സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള തീറ്റ ലഭ്യമാക്കണം. കൃഷിക്ക് ഉപയോഗിക്കാത്ത പുരയിടങ്ങളും വയലുകളും ഏറ്റെടുത്ത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി തീറ്റപ്പുൽകൃഷി ആരംഭിക്കേണ്ടതുണ്ട്.

കറവപ്പശു വളർത്തലിൽ തല്പരരായ കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി, നല്ലയിനം പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം നൽകുകയും ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച ശുചിത്വമുള്ള തൊഴുത്തുകളിൽ പരിപാലിക്കപ്പെടുന്ന ഇത്തരം പശുക്കളുടെ പാൽ വിപണനത്തിനായി പ്രത്യേകം സംവിധാനങ്ങൾ ഒരുക്കുക. ഉല്പാദിപ്പിക്കപ്പെടുന്ന പിലിന് മികച്ച പ്രതിഫലം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക.

രണ്ട് മൃഗാശുപത്രികളും, രണ്ട് വെറ്ററിനറി സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ടെ ങ്കിലും 24 മണിക്കൂർ സേവനം ലഭിക്കുന്ന തരത്തിൽ മൃഗ ചികിത്സാ സംവിധാനമില്ല. കൂടിവരുന്ന അരുമ മൃഗങ്ങളുടെ സംഖ്യകൂടി കണക്കിലെടുത്ത് അവയുടെ ചികിത്സയ്ക്ക് മതിയായ ഫീസ് ഈടാക്കിക്കൊണ്ട് 24 മണികകൂർ സേവനം ലഭിക്കുന്ന തരത്തിൽ വാഹന സൗകര്യത്തോടു കൂടിയ മൃഗ ചികിത്സാ സംവിധാനം ഏർപ്പെടുത്തുനനത് ഉചിതമായിരിക്കും.

ഓമന മൃഗങ്ങളായ നായ, പൂച്ച എന്നിവയെ വളർത്തുന്നവർ കൃത്യമായും തങ്ങളുടെ വളർത്തു മൃഗങ്ങൾക്ക് നിർബന്ധിത പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നു എന്നത് ലൈസൻസിംഗ് സമ്പ്രദായം ശക്തമാക്കുന്നതിലൂടെ ഉറപ്പാക്കേണ്ടതും അതുവഴി ഉപേക്ഷിക്ക പ്പെടുന്ന വളർത്തു നായകൾ തെരുവുമൃഗങ്ങളായി മാറുന്ന അവസ്ഥ നിയന്ത്രിക്കേണ്ടതുമാണ്.

മാംസോത്പാദനരംഗത്ത് നാം ഇപ്പോഴും പിറകിലാണ്. ഈ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പോത്തിൻകുട്ടി വളർത്തൽ ആട് വളർത്തൽ തുടങ്ങിയ പദ്ധതികളെ പ്രോത്യാഹിപ്പിക്കേണ്ടതും ഇങ്ങനെ വളർത്തുന്ന മൃഗങ്ങളുടെ വിപണനത്തിനായുള്ള സൗകര്യം ഒരുക്കുകയും ആധുനിക രീതിയിലുള്ള കശാപ്പുശാല പഞ്ചായത്ത് തലത്തിൽ സജ്ജീകരിക്കുകയും ചെയ്യാവുന്നതാണ്.

ഗാർഹിക തലത്തിൽ മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിച്ചതിലൂടെ ആ രംഗത്ത് നാം മുന്നേറിയിട്ടുണ്ട്. ഈ രംഗത്ത് ഉണ്ടായ മുന്നേറ്റം നിലനിർത്തേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് തന്നെ മുട്ടക്കോഴി വളർത്തലുമായി ബന്ധപ്പെട്ട പദ്ധതികൾ തുടർന്നു പോകണം.

ഫോറം 2

# പതിനാലാം പഞ്ചവത്സരപദ്ധതി (2022–27)
# വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഏറത്ത് | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **മൃഗസംരക്ഷണവും ക്ഷീരവികസനവും**

ഭരണസമിതി തീരുമാന നമ്പരും തീയതിയും : 1 (1), 10–12–2021

| ക്ര.ന. | പേരും വിലാസവും | ഫോൺ ഇ–മെയിൽ ഐ.ഡി. | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | സ്ത്രീ/ പുരുഷൻ | എസ്.സി/ എസ്.ടി/ മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈവിദ്യം/ പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|
| 1. | മേഴ്സി, അഞ്ജനം | 9061222829 | സ്ത്രീ | | | പ്രീഡിഗ്രി | പശുവളർത്തൽ | |
| 2. | പ്രീത, അശ്വിൻഭവനം | 9544924162 | സ്ത്രീ | | | SSLC | പശുവളർത്തൽ | |
| 3. | തങ്കമണി, തുഷാര | 9048431940 | സ്ത്രീ | | | SSLC | പശുവളർത്തൽ | |
| 4. | ഗീത. ബി | 8129854666 | സ്ത്രീ | | | SSLC | പശുവളർത്തൽ | |
| 5. | മധുസൂദനൻ | 9446116483 | പുരുഷൻ | | | SSLC | പശുവളർത്തൽ | |
| 6. | സൈമൺ ജോൺ | 9446785454 | പുരുഷൻ | | | SSLC | പശു, ആട്, കോഴി | |
| 7. | സജി | 9048609414 | പുരുഷൻ | | | SSLC | പശുവളർത്തൽ | |
| 8. | പ്രസാദ് കെ.കെ | 7591938423 | പുരുഷൻ | | | ITI | പശുവളർത്തൽ | |
| 9. | അനിൽകുമാർ. കെ.കെ | 9747469203 | പുരുഷൻ | | | SSLC | പശുവളർത്തൽ | |
| 10. | ബാബുജി | 9744208408 | പുരുഷൻ | | | SSLC | പശുവളർത്തൽ | |
| 11. | വിജയൻ | 8606577651 | പുരുഷൻ | | | SSLC | പശുവളർത്തൽ | |

ചെയർപേഴ്സൺ/ വൈസ് ചെയർപേഴ്സൺ/കൺവീനർ/അംഗം

ഓരോ വർക്കിംഗ് ഗ്രൂപ്പിനും പ്രത്യേകം ഫോറം തയ്യാറാക്കണം.

സെക്രട്ടറിയുടെ പേരും ഒപ്പും:

ഫോറം 3

# മുൻകാല മാതൃകാ/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്    വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **മൃഗസംരക്ഷണവും ക്ഷീരവികസനവും**

| ക്ര.ന. | മേഖല/ ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | മൃഗ സംരക്ഷണം | കന്നുകുട്ടി ദത്തെടുക്കൽ | Gen | 4 ലക്ഷം | 64 നല്ലയിനം പശുക്കളെ വളർത്തിയെടുക്കാൻ. | | അടിസ്ഥാന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു |
| 2 | മൃഗ സംരക്ഷണം | കറവപ്പശുക്കൾക്ക് കാലിറ്റീത്ത വിതരണം | Gen | 3.5 ലക്ഷം | സബ്സിഡി നിരക്കിൽ കാലിത്തീറ്റ നല്കിയും അമിതമായ പാലുത്പാദനം | | |
| 3. | മൃഗ സംരക്ഷണം | കറവപ്പശു വളർത്തൽ | Gen, SC | 21.25ലക്ഷം | നല്ലയിനം കറവപ്പശുക്കളെ വളർത്തിയെടുക്കൽ. | | |

സ്ഥലം:

തീയതി:

ഒപ്പ്:

പേര്:

കൺവീനർ:

**മൃഗസംരക്ഷണവും ക്ഷീരവികസനവും**(വർക്കിംഗ് ഗ്രൂപ്പ്)

കുറിപ്പ്: മുൻകാലങ്ങളിൽ നടപ്പിലാക്കിയതും വിജയം കൈവരിച്ചതുമായ എല്ലാ പ്രോജക്ടുകളും പട്ടികപ്പെടുത്തേണ്ടതില്ല. സവിശേഷമായതും ഇപ്പോഴും നിലനിൽക്കുന്നതും മാതൃക എന്ന് വിശേഷിപ്പിക്കാവുന്നതും വലിയ മാറ്റങ്ങൾ ഉണ്ടാക്കിയതിന് കാരണമായതുമായ പ്രോജക്ടുകൾ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും

ഫോറം 5

# 2021-22 വാർഷിക പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **മൃഗസംരക്ഷണവും ക്ഷീരവികസനവും**

| ക്ര.ന. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | So/ New | GEN/ SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1. | 9/2022 | കന്നുകുട്ടി ദെത്തെടുക്കൽ | New | ജനറൽ | 4 ലക്ഷം | 64 | 4 ലക്ഷം | 64 | തുടരുന്നു |
| 2. | 10/2022 | വനിതകൾക്ക് കിടാരി വളർത്തൽ | New | ജനറൽ | 4 ലക്ഷം | 57 | - | - | തുടരുന്നു |
| 3. | 11/2022 | വനിതകൾക്ക് മുട്ടക്കോഴി | New | ജനറൽ | 2.04 ലക്ഷം | 1700 | 2.04 ലക്ഷം | 1700 | പൂർത്തീകരിച്ചു |
| 4. | 12/2022 | ഏറത്ത് മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | New | ജനറൽ | 98000 | - | - | - | തുടരുന്നു |
| 5. | 13/2022 | ഏറത്ത് മൃഗാശുപത്രിക്ക് കൺസ്യൂമബിൾസ് വാങ്ങൽ | New | ജനറൽ | 20000 | - | - | - | തുടരുന്നു |
| 6. | 14/2022 | പേ വിഷ നിർമ്മാർജ്ജനം | New | ജനറൽ | 25000 | - | - | - | തുടരുന്നു |
| 7. | 16/2022 | ഹാൻസ് ഹെൽത്ത് പെർമിറ്റ് ബില്ലിംഗ് മെഷീൻവാങ്ങൽ | New | ജനറൽ | 12000 | - | - | - | തുടരുന്നു |
| 8. | 270/2022 | മൃഗാശുപത്രിയുടെ കണ്ടിജൻസി ചെലവുകൾ | New | ജനറൽ | 12000 | - | 6798 | - | തുടരുന്നു |
| 9. | 273/2022 | മൃഗാശുപത്രിയുടെ കണ്ടിജൻസി ചെലവുകൾ | New | ജനറൽ | 12000 | - | 6798 | - | തുടരുന്നു |
| 10. | 3/2022 | വനിതകൾക്ക് കിടാരി വളർത്തൽ | SCP | ജനറൽ | 4 ലക്ഷം | - | - | - | പൂർത്തീകരിച്ചു |

| ക്ര.ന. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | So/ New | GEN/ SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 11. | 4/2022 | വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ | SCP | ജനറൽ | 1.5 ലക്ഷം | 1250 | 106800 | - | |
| 12. | 5/2022 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | New | ജനറൽ | 98000 | - | - | - | |
| 13. | 342/2022 | മൃഗാശുപത്രിക്ക് കണ്ടിജൻസി ചെലവുകൾ | New | ജനറൽ | 20000 | - | - | - | |



പൂർത്തീകരിച്ചു/തുടരുന്നു/പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

സ്ഥലം: ഏറത്ത്  ഒപ്പ്:

തീയതി: 5-01-2022  പേര്:

കൺവീനർ:

**മൃഗസംരക്ഷണവും ക്ഷീരവികസനവും**(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 6

# പതിനാലാം പഞ്ചവത്സര പദ്ധതി (2022-27)
## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്ര.നമ്പർ | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത ( ☐ ചെയ്യുക) | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം? | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘു തരം | ഗുരു തരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1. | മൃഗസംരക്ഷണവും ക്ഷീരവികസനവും | കാലിത്തീറ്റയുടെ വില (രൊക്കം) വർദ്ധനവും താരതമ്യേന കുറഞ്ഞ പാൽവിലയും | | √ | | | വിലക്കയറ്റം | തീറ്റയ്ക്ക് സബ്സിഡി | | വിലക്കയറ്റം നിയന്ത്രിക്കുക | |
| 2. | | നല്ലയിനം മൃഗങ്ങളെ വാങ്ങുന്നതിനുള്ള സാമ്പത്തിക പരിമിതി | | √ | | | സാമ്പത്തിക പരിമിതികൾ | പുതിയ പദ്ധതികൾ കരാർഅടിസ്ഥാനത്തിൽ | | പലിശ രഹിത വായ്പകൾ | |
| 3. | | മൃഗസംരക്ഷണ മേഖലയിലെ ചികിത്സാ സൗകര്യങ്ങൾ 24 മണിക്കൂർ ലഭിക്കുന്നില്ല | | √ | | | പൂർണ്ണ സമയ ആശുപത്രികളും | രാത്രികാല സേവനം | | ഒന്നിലധികം പഞ്ചായത്തുകൾക്ക് രാത്രികാല സേവനം | |
| 4. | | തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് | | √ | | | ഏകീകൃതമായ നടപടികളും | തൊഴിലുറപ്പ് പദ്ധതിയുമായി ഏകീകരിക്കുക | | തരിശുനിലങ്ങൾ ഏറ്റെടുക്കുക | |

തദ്ദേശഭരണസ്ഥാപത്തിന്റെ പേര് ഏറത്ത് ഗ്രാമപഞ്ചായത്ത്      വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: കൃഷിയും അനുബന്ധ മേഖലയും

*തദ്ദേശഭരണത്തിന്റെ അധികാരങ്ങൾ, ചുമതലകൾ, പദ്ധതി രൂപീകരണ മാർഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത, സാമ്പത്തിക ക്ഷമത, വിജയ സാദ്ധ്യത, പ്രായോഗികത, പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയും കണക്കിലെടുത്തുകൊണ്ടായിരിക്കണം സാധ്യതകൾ പരിഗണിക്കേണ്ടത്.

സ്ഥലം:      ഒപ്പ്:

തീയതി:      പേര്:

കൺവീനർ:

**മൃഗസംരക്ഷണവും ക്ഷീരവികസനവും**(വർക്കിംഗ് ഗ്രൂപ്പ്)

ഫോറം 7

# വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണസ്ഥാപത്തിന്റെ പേര് : ഏറത്ത് ഗ്രാമപഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: **മൃഗസംരക്ഷണം**

| ക്ര.ന. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032-ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | മൃഗസംരക്ഷണവും ക്ഷീരവികസനവും | പാലുല്പ്പാദനത്തിലെ വർദ്ധനവ് | പാൽ ലിറ്റർ അളവ് | 600 MT/Year | 1000 MT | 800 MT | നല്ലയിനം പശപക്കളെ വാങ്ങാൻ ധനസഹായം, തീറ്റ സബ്സിഡി, കന്നുകുട്ടി ദത്തെടുത്തൽ, ശുചിയായ തൊഴുത്ത് നിർമ്മാണം |
| 2 | | മുട്ടയുത്പാദനം മാംസോത്പാദനം | മുട്ടയുത്പാദനം | 33 ലക്ഷം | 50 ലക്ഷം | 40 ലക്ഷം | മുട്ടക്കോഴി വിതരണം, കൂട് നിർമ്മാണം എഗ്ഗർ നഴ്സറികൾക്ക് പ്രോത്സാഹനം |
| 3 | | അലഞ്ഞു തിരിഞ്ഞു നടക്കുന്ന മൃഗങ്ങളുടെ പേ വിഷരോഗ നിയന്ത്രണവും കുത്തിവെയ്പ്പ് | പേ വിഷ പ്രതിരോധ കുത്തിവയ്പ്പ് | ഇല്ല | മാംസോത്പാദനവും വിപണനവും | മാംസോത്പാദനവും വിപണനവും | ആട്, പോത്ത്കുട്ടി വളർത്തൽ ന്നിവയുടെ പ്രോത്സാഹനം, ശാസ്ത്രീയമായ അറവുശാല നിർമ്മാണം |
| 4 | | പൊതുജനാരോഗ്യവും | ശാസ്ത്രീയമായ അറവ്ശാല | ലഭ്യമല്ല | എല്ലാ മൃഗങ്ങൾക്കും ലൈസൻസ് നിർബന്ധമാക്കുക | തെരുവു മൃഗങ്ങളെ നിയന്ത്രിക്കുക. | ഏബി.സി. ക്യാമ്പുകൾ |

# ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

## ആമുഖം

പത്തനംതിട്ട ജില്ലയുട തെക്കേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമപഞ്ചായത്ത് ആണ് ഏറത്ത് ഗ്രാമപഞ്ചായത്ത്. കർഷകരും കർഷക തൊഴിലാളികളും ഏറെയുള്ള ഇവിടെ ദാരിദ്ര്യം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും ഏറെ അധിവസിക്കുന്ന സ്ഥലമാണ്. 23000-ത്തിൽ അധികം ജനസംഖ്യയുള്ള ഈ ഗ്രാമപഞ്ചായത്തിൽ സ്വന്തമായി ഒരു ഭവനം എന്ന സ്വപ്നവുമായി കഴിയുന്ന നിരവധി ആളുകളാണ് ഉണ്ടായിരുന്നത്.

അധികാര വികേന്ദ്രീകരണം ശക്തമായ രീതിയിൽ നടപ്പിലാക്കപ്പെടുകയും ജനകീയാസൂത്രണത്തിലൂടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കപ്പെട്ടതും ഗ്രാമപഞ്ചായത്ത് നിവാസികളായ നിരവധി ഭൂരഹിതർക്കും ഭവന രഹിതർക്കും ഭവനം ഉറപ്പാക്കുന്നതിന് ഇടയാക്കി. ഏറ്റവും അടിത്തട്ടിൽ ഗ്രാമസഭകൾ സജ്ജീവമായതും അർഹരായ ഗുണഭോക്താക്കൾ ഒഴിവായിപ്പോകാതെ അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സഹായിച്ചു.

